ദിദിമോസ്

കോട്ടപ്പുറം രൂപത ബുള്ളറ്റിൻ ഡിസംബർ 2025

- പുൽക്കൂട് രക്ഷയുടെ ഈറ്റില്ലം
- സ്ത്രീശാക്തീകരണം കേരളത്തിൽ മെനെസിസ് മെത്രാപ്പോലിത്തായുടെ കരുതൽ
- ഏഴു മുതൽ പത്തു വരെ ദൈവകല്പനകൾ

ചരിത്ര പ്രസിദ്ധമായ

തുരുത്തൂർ സീനായ് മൗണ്ട്

തീർത്ഥാടന കേന്ദ്രത്തിൽ

വി.തോമാശ്ലീഹായുടെ ദിവ്യകാരുണ്യ

കൊമ്പ്രേരിയ തിരുനാൾ

2025 ഡിസംബർ 16 ചൊവ്വ
മുതൽ 21 ഞായർ വരെ

നവനാൾ ദിനങ്ങൾ

2025 ഡിസംബർ 6 മുതൽ 14 വരെ

ആരാധന ദിനം

ഡിസംബർ 15 തിങ്കൾ

കൊടികയറ്റം

ഡിസംബർ 16 ചൊവ്വ

തിരുനാൾദിനം

ഡിസംബർ 21 ഞായർ

എട്ടാമിടം

ഡിസംബർ 27, 28

ചെറിയ ചുവടുവെപ്പുകളുടെ മഹാത്ഭുതങ്ങൾ...

ഫാ. ജോജോ പയ്യപ്പിള്ളി
ചീഫ് എഡിറ്റർ

ആയിരം മൈൽ യാത്ര തുടങ്ങുന്നത്
ഒരൊറ്റ ചുവടിൽ നിന്നാണ് -

-ചൈനീസ് പഴമൊഴി

ജപ്പാൻകാർ മനുഷ്യകുലത്തിന് ഈ അടുത്തകാലത്ത് നൽകിയിട്ടുള്ള ഒരുപാട് കണ്ടുപിടുത്തങ്ങളിൽ ഏറ്റവും പ്രധാനപ്പെട്ടത് PEIZO ഇലട്രിക് എഫക്ടാണ്. ഒത്തിരി ആളുകൾ വന്നുചേരുന്ന തിരക്കേറിയ റെയിൽവേ സ്റ്റേഷനിലും ഫുട്പാത്തുകളിലും ഷോപ്പിംഗ് മാളുകളിലും മനുഷ്യൻ നടക്കുമ്പോൾ ഉണ്ടാകുന്ന മർദ്ദം (Pressure) ഉപയോഗിച്ച് വൈദ്യുതിയായി മാറ്റുന്ന വിപ്ലവകരമായ സാങ്കേതികവിദ്യ. അതിലൂടെ നടന്നു പോകുന്ന മനുഷ്യന്റെ ഓരോ ചുവടുകളും ഒരു ചെറിയ അളവിൽ വൈദ്യുതി ഉല്പാദിപ്പിക്കുന്നു. അത് അടുത്തുള്ള ലൈറ്റുകളും നെയിം ബോർഡുകളും എല്ലാം പ്രവർത്തിക്കാൻ ആവശ്യമായ ഊർജ്ജമായി മാറുന്നു. ജീവിതവും ഇങ്ങനെയാണ്. ഒരു ചെറിയ തുടക്കമാണ് വലിയ വിജയങ്ങൾക്ക് കാരണമായിത്തീരുന്നത്.

പരിശുദ്ധ കന്യകാമറിയം നൽകിയ ചെറിയ ഒരു ഉത്തരത്തിൽ നിന്നും അനുവാദത്തിൽ നിന്നുമാണ് ലോകത്തെ വലിയ അനുഗ്രഹത്തിലേക്കും കൃപയിലേക്കും സന്തോഷത്തിലേക്കും ഉയർത്തിയ ഉണ്ണിയേശുവിന്റെ ജനനത്തിന് കാരണമായി തീർന്നത്. ദൈവത്തിന്റെ ദൂതൻ പരിശുദ്ധ കന്യകാമറിയത്തിന്റെ അരികിലേക്ക് വന്ന് മംഗളവാർത്ത അറിയിക്കുമ്പോൾ ആ കന്യകയുടെ മുൻപിൽ രണ്ടു വഴികളിൽ ഒന്ന് തെരഞ്ഞെടുക്കുവാനുള്ള സ്വാതന്ത്ര്യം ഉണ്ടായിരുന്നു. ഒന്നാമത്തേത് ദൂതന്റെ വാക്കുകൾ അവഗണിച്ച് തനിക്ക് അത് സാധ്യമല്ല എന്നു പറയാമായിരുന്നു. രണ്ടാമത്തേത് ദൂതന്റെ വാക്കുകൾക്ക് മുൻപിൽ ശിരസ്സ് നമിച്ചു **"ഇതാ, കർത്താവിന്റെ ദാസി! നിന്റെ വാക്ക് എന്നിൽ നിറവേറട്ടെ"** എന്നു പറയാമായിരുന്നു. മറിയം തെരഞ്ഞെടുത്തത് രണ്ടാമത്തേത് ആയിരുന്നു. ആ ചുവടുവെപ്പാണ് ലോകരക്ഷകന് ജനിക്കാനുള്ള ഉദരം നൽകിയത്.

ക്രിസ്തുമസിന്റെ ആഴത്തിലുള്ള സന്ദേശം ഇതുതന്നെയാണ് – ചെറിയ തീരുമാനങ്ങളാണ് വലിയ ദൈവാനുഗ്രഹങ്ങൾക്ക് വാതിൽ തുറക്കുന്നത്. മറിയത്തിന്റെ ഒരു ലളിതമായ **"ഇതാ, കർത്താവിന്റെ ദാസി! നിന്റെ വാക്ക് എന്നിൽ നിറവേറട്ടെ"** എന്ന ഉത്തരം ലോക ചരിത്രത്തെതന്നെ രണ്ടായി തിരിക്കുന്നതിന് വഴിയൊരുക്കി.

കുടുംബബന്ധങ്ങൾ ക്ഷയിച്ചുകൊണ്ടിരിക്കുന്ന ഈ കാലഘട്ടത്തിൽ, ക്രിസ്തുമസ് നമ്മെ തിരികെ സ്നേഹത്തിന്റെ പറുദീസയിലേക്കാണ് കൂട്ടിക്കൊണ്ടുപോകുന്നത്. വിശുദ്ധ മദർ തെരേസയുടെ വാക്കുകൾ പോലെ, **"ലോകത്തിൽ ഏറ്റവും വലിയ ദാരിദ്ര്യം സ്നേഹമില്ലായ്മയും പരസ്പര അവഗണനയുമാണ്."** ക്രിസ്തുമസ് എന്ന സ്വർഗത്തിന്റെ സന്തോഷം നമ്മെ ക്ഷണിക്കുന്നത് ഈ ദാരിദ്രം മാറ്റാനാണ്.

ഇന്നത്തെ ലോകം നേരിടുന്ന പേടിപ്പെടുത്തുന്ന സംഘർഷങ്ങളും മനുഷ്യകുലത്തെ നശിപ്പിക്കുന്ന യുദ്ധങ്ങളും നമ്മളെക്കൊണ്ടെത്തിക്കുന്നത് നാശത്തിലേക്ക് ആണെന്നുള്ള തിരിച്ചറിവ് ലോകരാജ്യങ്ങളിലെ ഭരണാധികാരികൾക്ക് നഷ്ടപ്പെട്ടു കൊണ്ടിരിക്കുന്നു. യഥാർത്ഥ സമാധാനത്തിന് വേണ്ടി കാത്തിരിക്കുന്ന മാനവകുലത്തിന് മുൻപിൽ യേശുവിന്റെ ജനനം ഉയർത്തിക്കാട്ടുന്നത് ഒരു സത്യം മാത്രമാണ് – സമാധാനം അക്രമത്തിലൂടെയല്ല; മനുഷ്യത്വത്തിലൂടെയാണ്. മാർട്ടിൻ ലൂഥർ കിംഗ് ജൂനിയർ പറഞ്ഞതുപോലെ, **"ഇരുട്ടിനെ ഇരുട്ടുകൊണ്ട് നീക്കാനാവില്ല; വെളിച്ചം മാത്രമാകും അത് ചെയ്യുക."** ക്രിസ്തുമസ് ഈ വെളിച്ചത്തിന്റെ സുവിശേഷമാണ്.

ക്രിസ്തുമസ് കാലം ദീപാലങ്കാരങ്ങളുടെയും വിരുന്നുകളുടെയും സമയം മാത്രമല്ല; ഹൃദയം ശുദ്ധീകരിക്കാനുള്ള ഒരു ആത്മീയ ക്ഷണവും കൂടിയാണ്. ചെറിയതും ലളിതവുമായ പ്രവർത്തികളിലൂടെ ലോകത്തിന് വെളിച്ചം നൽകാൻ ഈ തിരുനാൾ നമ്മെ വെല്ലുവിളിക്കുകയാണ്.

ക്രിസ്തുമസിന്റെ ഈ പുണ്യനാളിൽ, പ്രത്യേകിച്ചും മറിയത്തിന്റെ **"ഇതാ, കർത്താവിന്റെ ദാസി! നിന്റെ വാക്ക് എന്നിൽ നിറവേറട്ടെ"** എന്ന വാക്കുകൾ നമ്മെ പഠിപ്പിക്കുന്ന വലിയ സത്യം ഹൃദയത്തിൽ പുതുക്കി എഴുതേണ്ട സമയമാണിത്: ലോകത്തെ മാറ്റുന്നത് വലിയവരോ വലിയ സംഭവങ്ങളോ അല്ല; ചെറിയ ഹൃദയങ്ങളുടെ വലിയ സന്നദ്ധതയാണ്. ഈ ക്രിസ്തുമസ് ഓരോ കുടുംബത്തെയും സമാധാനം, കരുണ, പ്രത്യാശ എന്നീ നന്മകളാൽ നിറയ്ക്കട്ടെ. ചെറിയ തുടക്കങ്ങളുടെ മഹത്വം തിരിച്ചറിഞ്ഞ്, മനുഷ്യരോട് സ്നേഹം പങ്കുവെച്ചുകൊണ്ട് ഓരോ ദിനവും ക്രിസ്തുമസായി മാറ്റാൻ നമുക്കെല്ലാവർക്കും ദൈവം കൃപ നൽകട്ടെ.

ദീദിമോസ്

കോട്ടപ്പുറം രൂപത ബുള്ളറ്റിൻ ഡിസംബർ 2025

രക്ഷാധികാരി
റൈറ്റ് റവ. ഡോ. അംബ്രോസ് പുത്തൻവീട്ടിൽ

ചീഫ് എഡിറ്റർ
ഫാ. ജോജോ പയ്യപ്പിള്ളി

സബ് എഡിറ്റേഴ്സ്
ഫാ. നിഖിൽ ജോർജ്ജ് മുട്ടിക്കൽ
ഫാ. സിന്റോ കുരിയപറമ്പിൽ

അസോസിയേറ്റ് എഡിറ്റേഴ്സ്
ഫാ. രൂപേഷ് മൈക്കിൾ കളത്തിൽ
ശ്രീ. ടൈറ്റസ് ഗോതുരുത്ത്

മാനേജിംഗ് എഡിറ്റർ
ഫാ. സിജോ വേലിക്കകത്തോട്ട്

സർക്കുലേഷൻ മാനേജർ
ഫാ. നിമേഷ് കാട്ടാശ്ശേരി

പത്രാധിപ സമിതി
ഫാ. ലിജോ മാത്യു താണിപ്പിള്ളി
ശ്രീ. സിപ്പി പള്ളിപ്പുറം
ശ്രീ. ജോയ് ഗോതുരുത്ത്
ശ്രീ. ജോസഫ് പനക്കൽ

ഡി.ടി.പി.
ശ്രീമതി നിഷ സോജൻ

എഡിറ്റർ, ദിദിമോസ്, വികാസ്,
കോട്ടപ്പുറം – 680 667
ഫോൺ : 8281420078
didimoskottapuram@gmail.com

നാളുകളിൽ

പൈതൃകാമുഖം
പുൽക്കൂട് രക്ഷയുടെ ഈറ്റില്ലം 4

കവിത
താതന്റെ സ്നേഹ ഹർഷം 6

ചരിത്രത്താളുകളിൽ നിന്ന്
സ്ത്രീശാക്തീകരണം കേരളത്തിൽ
മെനെസിസ് മെത്രാപ്പോലിത്തായുടെ കരുതൽ 7

കവിത
ബാല്യത്തിലേക്കൊരു തിരിഞ്ഞുനോട്ടം 10

വിശ്വാസത്തിന്റെ വഴിത്താര
ഏഴു മുതൽ പത്തു വരെ ദൈവകല്പനകൾ 11

കത്തോലിക്കസഭയെ അറിയാം, പഠിക്കാം
കത്തോലിക്കാ സഭയിലെ 6 റീത്തുകളും 24
വ്യക്തിസഭകളും 13

കവിത
വരവേൽപ്പ് 14

അയൽക്കൂട്ടം
മരിയൻ ഭക്തി കത്തോലിക്കാ സഭ
വേണ്ടെന്നുവച്ചോ? 15

രൂപത വാർത്തകൾ 18

പിതാവിന്റെ ഡയറി 23

ലോഗോസ് ക്വിസ് ഉത്തരം 23

വചനധ്യാനം
വചനം പഠിക്കാം ഈശോയെ അറിയാം 24

പുൽക്കൂട് രക്ഷയുടെ ഈറ്റില്ലം

റൈറ്റ് ഡോ. അംബ്രോസ് പുത്തൻവീട്ടിൽ
കോട്ടപ്പുറം രൂപതാമെത്രാൻ

ദൈവം മനുഷ്യനായി തീർന്നതിന്റെ ആഘോഷമാണ് ക്രിസ്തുമസ്. ത്രിത്വൈക ദൈവത്തിലെ രണ്ടാമത്തെ വ്യക്തി, അനശ്വരമായ വചനത്തിലൂടെ മാംസം ധരിച്ച് കന്യകയായ മറിയത്തിന്റെ ഉദരത്തിൽ ഉരുവായെന്ന വിശ്വാസ രഹസ്യത്തിന്റെ പ്രഘോഷണമാണിത് (യോഹ 1:14). ദൈവകുഞ്ഞിന്റെ ജനനം മാത്രമല്ല ദൈവത്തിന്റെ മനുഷ്യ ചരിത്രത്തിലേക്കുള്ള സ്നേഹ പ്രവാഹമായാണ് ക്രിസ്തുമസ് നാമാഘോഷിക്കുന്നത്. അന്ധകാരനിബിഢമായ രാത്രിയെ നക്ഷത്രങ്ങൾ കൈകൂപ്പുന്ന പ്രകാശത്തിന്റെ കൂട്ടായ്മയിൽ വെളിച്ചത്തിന്റെ വെള്ളിമേഘം പകർന്നും, മനസ്സു നിറയ്ക്കുന്ന സമ്മാനങ്ങളുടെ അതിശയോക്തിയെ കണ്ണഞ്ചിപ്പിക്കുന്നതിന്റെയും ദിനമായി മാത്രമല്ല കത്തോലിക്കരെ സംബന്ധിച്ച് ക്രിസ്തുമസ്, ഇതൊരു വിശ്വാസ പ്രഖ്യാപനമാണ്: മനുഷ്യന്റെ ജീവിത വഴികളിൽ ദൈവം കൂടെനടക്കുന്നവനാണ്, ഇമ്മാനുവേലാണ്, എന്ന ബോധ്യത്തിൽ നിന്നും മനുഷ്യന്റെ രക്ഷ സാധ്യമാക്കുവാൻ ദൈവം എന്നും മനുഷ്യന്റെ കൂടെയുണ്ട് എന്ന വലിയ സത്യം വിളിച്ചു പറയലാണ് ക്രിസ്തുമസ്.

ദൈവത്തെ ദൈവവും മനുഷ്യനുമായി കാണാൻ പഠിപ്പിക്കുന്ന വലിയ സന്ദേശമാണ് ക്രിസ്തുമസ് നമുക്ക് നൽകുന്നത്. മനുഷ്യരുടെ സങ്കടത്തിലും സന്തോഷത്തിലും അവരിൽ ഒരുവൻ എന്നപോലെ നിലകൊള്ളുവാനായി പൂർണമനുഷ്യനായി തീരുമ്പോഴും എല്ലാ മനുഷ്യരെയും പൂർണമായി രക്ഷിക്കുവാൻ കഴിവുള്ള ഏകമധ്യസ്ഥനായി (1 തിമോ 2 : 5) രക്ഷയുടെ സംഗീതം മീട്ടുകയാണ് ക്രിസ്തുമസിലൂടെ. മനുഷ്യനും ദൈവവുമായ് യേശുക്രിസ്തുവിനെ ഏറ്റുപറഞ്ഞുകൊണ്ട് എഫേസൂസ് കൗൺസിലും കാൽസ്ഡോൺ കൗൺസിലും വ്യക്തമായ പഠനം നമുക്ക് നൽകുന്നുണ്ട്. ദൈവം മനുഷ്യ ശരീരം സ്വീകരിച്ചതിനാൽ എല്ലാ മനുഷ്യരും മഹത്വമുള്ളവരായി തീർന്നു എന്ന സന്ദേശവും ഈ ദിനത്തിലൂടെ മാനവകുലത്തിന് നൽകുകയാണ് ക്രിസ്തുമസിലൂടെ.

ജനിക്കുവാനായി പുൽക്കൂട് തിരഞ്ഞെടുത്ത ക്രിസ്തു ദൈവത്തിന്റെ എളിമയാണ് അടയാളപ്പെടുത്തുന്നത്. രാജാധിരാജൻ പാവപ്പെട്ട

ആ പ്രദേശത്തെ വയലുകളിൽ, ആടുകളെ രാത്രി കാത്തുകൊണ്ടിരുന്ന ഇടയൻമാർ ഉണ്ടായിരുന്നു. കർത്താവിന്റെ ദൂതൻ അവരുടെ അടുത്തെത്തി

ലൂക്കാ 2:89

വനായി ജനിക്കുമ്പോൾ ലാളിത്യവും, കുലീനത്വവും, സ്നേഹവും ഒരുമിച്ചു പങ്കുവയ്ക്കുകയാണ്. എല്ലാ മനുഷ്യർക്കും വന്നെത്താവുന്ന പാവപ്പെട്ടവനും പണക്കാരനും, വലിയവനും ചെറിയവനും, ഒരുപോലെ വന്നുചേരാവുന്ന ഇടമാണ് പുൽക്കൂട്. ആരോടും പക്ഷപാതം ഇല്ലാത്ത ദൈവത്തിന്റെ ഏറ്റവും കരുണാർദ്രമായ സ്നേഹത്തിന്റെ കൈയൊപ്പാണ് പുൽക്കൂട്. വിശ്വാസികൾക്ക് പുൽക്കൂട് ഒരു വെല്ലുവിളിയാണ് ഉയർത്തുന്നത്. നിസ്സാരനായ ക്രിസ്തുവിനെ സ്വീകരിക്കുവാൻ നീ തയ്യാറാണോ ? പാവപ്പെട്ടവരിലും മാറ്റിനിർത്തപ്പെട്ടവരിലും തിരസ്കരിക്കപ്പെട്ട ക്രിസ്തുവിനെ കാണുവാൻ നിനക്ക് സാധിക്കുമോ? ക്രിസ്തുവിനെപ്പോലെ പാവപ്പെട്ടവൻ ആകുവാനാണ് നീ വിളിക്കപ്പെട്ടിരിക്കുന്നത് എന്ന ഓർമ്മ നിന്നെ അലോസരപ്പെടുത്തുന്നുണ്ടോ?

ക്രിസ്തുമസ് രക്ഷയുടെ ചരിത്രത്തിലേക്കുള്ള വാതിലാണ്. പുൽക്കൂട് ചെന്നെത്തുന്നത് കാൽവരിയിലെ കുരിശിന്റെ തണലിലാണ്. ഭൂമിയിലേക്ക് പിറന്നുവീണ ദൈവശിശു അവന്റെ ജനനവും മരണവും ഉത്ഥാനവും വഴി മനുഷ്യകുലത്തിന് രക്ഷയുടെ ജാലകം തുറന്നുകൊടുക്കുകയാണ്. "അവനിൽ വിശ്വസിക്കുന്ന ഏവനും നശിച്ചുപോകാതെ നിത്യജീവൻ പ്രാപിക്കുന്നതിനുവേണ്ടി തന്റെ ഏകജാതനെ നൽകാൻ തക്കവിധം ദൈവം ലോകത്തെ അത്രമാത്രം സ്നേഹിച്ചു" (യോഹ 3:16). ക്രിസ്തുമസ് തിരുകുടുംബത്തിന്റെ ജനനമാണ്. "ഇതാ കർത്താവിന്റെ ദാസി" (ലൂക്ക 1 : 36) എന്നു പറഞ്ഞു ദൈവത്തിന്റെ അമ്മയാകാൻ സന്നദ്ധത കാട്ടിയ ആദ്യത്തെ വിശ്വസിക്കുന്ന ക്രൈസ്തവ യുവതിയുടെ ജനനമാണ്. ദൈവത്തിന്റെ പദ്ധതിയോട് മൗനമായി സമ്മതം പറയുന്ന തിരുകുടുംബത്തിന്റെ സംരക്ഷകനായ നീതിമാനായ പിതാവിനെപോലെയുള്ള എല്ലാ ശ്രേഷ്ഠ കുടുംബനാഥന്മാരുടെയും ജനനമാണ്. ക്രിസ്തുമസ് ലോകത്തിലെ നല്ല മനസ്സുള്ള മുഴുവൻ മനുഷ്യരുടെയും ആഘോഷമാണ്. ക്രിസ്തു ജനിച്ചത് സകലർക്കും വേണ്ടിയാണ് എന്ന വലിയ സന്ദേശം നൽകുമ്പോൾ പാവപ്പെട്ടവർക്കും പണക്കാർക്കും ക്രൈസ്തവർക്കും വിജാതിയർക്കും ഈ ലോകത്തിലെ സമസ്ത ജനങ്ങൾക്കും പ്രകാശത്തിലേക്ക് വരുവാനുള്ള ഒരു ഗോവണിയാണ് ക്രിസ്തുവെന്നു നിസ്സംശയം നമുക്ക് ഏറ്റുപറയാം. എല്ലാവരും രക്ഷപ്പെടണമെന്ന ദൈവത്തിന്റെ കരുതലുള്ള സ്നേഹത്തിന്റെ ശാഠ്യമാണ് ക്രിസ്തുമസ്. ക്രിസ്തുമസ് കരോൾ, ക്രിസ്തുമസ് സംഗീതം തുടങ്ങിയവ ആഗതമായ മാനവരക്ഷയുടെ നിലയ്ക്കാത്ത സന്തോഷപ്രകടനമാണ്. ക്രിസ്തുമസ് ഒരു ദിനമായല്ല ഒരു കാലഘട്ടമായാണ്

കത്തോലിക്കസഭ ആചരിക്കുന്നത്. ഒരുക്കത്തിന്റെ ഒരു ആഗമനകാലം കഴിഞ്ഞ്, ക്രിസ്തുമസ് രാത്രി കടന്ന്, മനുഷ്യാവതാരം ചെയ്ത ക്രിസ്തുവിനെ ധ്യാനിച്ചുകൊണ്ട് തിരുകുടുംബത്തിന്റെ തിരുനാളും പ്രത്യക്ഷീകരണത്തിരുനാളും കടന്നാണ് ഈ കാലഘട്ടം അവസാനിക്കുന്നത്.

ക്രിസ്തുമസ് നമ്മെ ക്ഷണിക്കുന്നത് ദൈവവുമായുള്ള മനുഷ്യരുടെ ബന്ധം ശക്തിപ്പെടുത്തുവാനാണ്. നഷ്ടപ്പെട്ടുപോയ കുടുംബബന്ധങ്ങൾ വീണ്ടും കൂട്ടിയോജിപ്പിക്കുവാനാണ്. പാവപ്പെട്ടവരോടും സമൂഹം തള്ളിക്കളഞ്ഞവരോടും കൂടുതൽ ചേർന്നുനിന്നുകൊണ്ട് സമാധാനവും അനുരഞ്ജനവും ഈ ലോകത്തെങ്ങും വ്യാപിപ്പിക്കുവാനാണ്. മറ്റൊരു വിധത്തിൽ പറഞ്ഞാൽ ക്രിസ്തുവിനെ നമ്മുടെ ജീവിതത്തിലൂടെ പ്രകാശിപ്പിക്കുവാനും പ്രഘോഷിക്കുവാനും വേണ്ടി ഉണർന്നെഴുന്നേൽക്കുവാനാണ്.

കത്തോലിക്കരെ സംബന്ധിച്ച് ക്രിസ്തുമസ് ഒരു പുത്തൻ ഉണർവാണ് നൽകുന്നത്. ദൈവം മനുഷ്യനോട് ചേർന്നുനിൽക്കുന്ന ഒരാളാണെന്നും ദൈവം എന്നും കൂടെയുള്ളവനാണെന്നും നമ്മെ ഓർമ്മപ്പെടുത്തുമ്പോൾ, വിശ്വാസത്തോടെ ജീവിതം മുന്നോട്ട് നയിക്കുവാനും സങ്കടത്തിലും സന്തോഷത്തിലും ദൈവം കൂടെയുണ്ടെന്നുള്ള ഓർമ്മപ്പെടുത്തൽ വഴി എളിമയും സ്നേഹവും പ്രത്യാശയുമുള്ളവരായ് എല്ലാവരോടും കൂടുതൽ കരുതലോടുകൂടി ഇടപഴകുവാനും ക്രിസ്തുമസ് ഒരു ഉണർത്തുപാട്ടാവുന്നു. ഈ ലോകത്തിനു മുഴുവനും വേണ്ടി ജനിച്ച ക്രിസ്തുവിനെ നമുക്ക് സ്നേഹത്തോടെ വരവേൽക്കാം.

ഏവർക്കും
ക്രിസ്തുമസ് ആശംസകൾ.

■

കവിത

താതന്റെ സ്നേഹ ഹർഷം

സോബിൻസി ന്യൂട്ടൺ
പള്ളിപ്പുറം

ജീവിത നൊമ്പര തീരത്തിരുന്ന്
തെല്ലൊരാശ്വാസത്തിനായ്
പകപ്പോടെ ചുറ്റും നോക്കി ഞാൻ
കണ്ടില്ലാരെയും തെല്ലൊരാശ്വാസമായ്
എൻ സ്വന്ത ബന്ധങ്ങളിൽ പോലും
കരഞ്ഞു കരഞ്ഞു കണ്ണീർ വറ്റി
ആശ്വാസമില്ലാതെ കേണു ഞാൻ

അകലെ ദിവ്യമാം പ്രകാശം
ഓടിച്ചെന്നു ഞാൻ നോക്കി
എന്നേശുവേ, പൊട്ടിക്കരഞ്ഞു ഞാൻ
എൻ സങ്കടക്കെട്ടുകളഴിച്ചു
മാറോടുചേർത്ത് എനിക്കാശ്വാസമേകി
നിനക്കെൻ കൃപമതി എന്നോതി നാഥൻ
ഒറ്റയ്ക്കല്ല നീ, വഹിച്ചു നിന്നെ ഞാൻ എൻ തോളിൽ
എന്നേശുവേ അറിഞ്ഞില്ല നിന്നെ ഞാൻ
അറിഞ്ഞില്ല നിൻ മഹാസ്നേഹവാത്സല്യം
സ്നേഹതാതന്റെ കാരുണ്യ സ്നേഹഹർഷത്തിൽ
ലയിച്ചു ഞാനിന്നു നിർവൃതിയോടെ...

പിള്ളക്കച്ചകൊണ്ട് പൊതിഞ്ഞ് പുൽത്തൊട്ടിയിൽ കിടത്തിയിരിക്കുന്ന ഒരു ശിശുവിനെ നിങ്ങൾ കാണും.
ലൂക്കാ 2:16

ചരിത്രത്താളുകളിൽ നിന്ന്

സ്ത്രീശാക്തീകരണം കേരളത്തിൽ മെനെസിസ് മെത്രാപ്പോലിത്തായുടെ കരുതൽ

പീറ്റർ കുരിശിങ്കൽ

കേരളസഭാചരിത്രത്തിൽ മാത്രമല്ല, കേരളത്തിന്റെ സാംസ്കാരിക രാഷ്ട്രീയ ചരിത്രത്തിൽത്തന്നെ വലിയ സ്വാധീനം ചെലുത്തുകയും അനേകം സർഗ്ഗാത്മക മാറ്റങ്ങൾക്ക് ചോതനമാവുകയും ചെയ്ത സമ്മേളനമാണ് ഉദയംപേരൂർ സൂനഹദോസ്. അത് നടന്നത് 1599 ജൂൺ മാസം ഇതുപതാം തിയ്യതി മുതൽ ഇരുപത്തേഴാം തിയ്യതി വരെ; ഉദയംപേരൂരിൽ വച്ച്.

കേരള ചരത്രത്തിലെ ഒരു മഹത്തായ സംഭവമാണ് ഉദയംപേരൂർ സൂനഹദോസ്. യുഗ പരിവർത്തനാത്മകമാണ് അതിന്റെ ബഹുസ്വരത. പോർച്ചുഗല്ലിൽ നിന്നും വന്ന്, ഇവിടെ കുറച്ചുകാലം വസിച്ച് കേരളത്തെ സമഗ്രമായി പഠിച്ച് അപഗ്രഥിച്ച ശേഷമാണ് ആർച്ച് ബിഷപ്പ് അലക്സിസ് മെനെസിസ് ഈ സൂനഹദോസ് സംഘടിപ്പിച്ചത്. ഒമ്പതു സെക്ഷനുകളിലായി ഇരുന്നൂറ് ഡിക്രികൾ (കാനോനകൾ) സൂനഹദോസ് പുറപ്പെടുവിച്ചു. അവയിൽ ഏഴാംകൂടി വിചാരത്തിൽ പുറപ്പെടുവിച്ച പതിനഞ്ചാം കാനോന മാത്രമേ പ്രകൃതത്തിൽ പരാമർശിക്കുന്നുള്ളൂ. ഈ കാനോന പുറപ്പെടുവിക്കുന്നതിൽ മെനെസിസ് മെത്രാപ്പോലിത്തയെ സ്വാധീനിച്ച രസകരമായ ഒരു സംഭവം ഇവിടെ ഓർമ്മിക്കുകയാണ്. മെനെസിസ് മെത്രാപ്പോലിത്തയുടെ സജീവശ്രദ്ധ ആകർഷിച്ച ഈ സംഭവം സൂനഹദോസിൽ വളരെ നിർണ്ണായകമായ ഈ കാനോന രൂപപ്പെടുന്നതിനും പുറപ്പെടുവിക്കുന്നതിനും കാരണമായി.

ബിഷപ്പ് അലക്സിസ് മെനെസിസിന്റെ സന്തതസഹചാരിയായിരുന്ന ഫാ. ആന്റണി ഗുവയൊ രേഖപ്പെടുത്തിയിരിക്കുന്ന സംഭവം ഇങ്ങനെയാണ് : സംഭവസന്ദർഭത്തിന്റെ വ്യക്തതയിലേക്ക്-പൗരാണികമായി നിലനിന്നിരുന്ന ചില രീതികൾ വ്യക്തമാക്കേണ്ടതുണ്ട്. അന്ന് നാട്ടുരാജാക്കന്മാരുടെ പ്രജകളായിരുന്നു ആദിമ ക്രിസ്ത്യാനികൾ. എന്നാൽ ഈ ക്രിസ്ത്യാനികളെ സഭാധികാരികളുടെ നിയന്ത്രണത്തിൽ കഴിയാനുള്ള അനുവാദവും രാജാക്കന്മാർ നൽകിയിരുന്നു. ആധ്യാത്മിക കാര്യങ്ങളിൽ മാത്രമല്ല, പലപ്പോഴും ഭൗതിക കാര്യങ്ങളിലും ക്രിസ്ത്യാനികൾ അവരവരുടെ ബിഷപ്പുമാരുടെ അധീനതയിൽത്തന്നെ ആയിരുന്നുതാനും. ആയതിനാൽ ക്രിസ്ത്യാനികൾ തമ്മിൽ എന്തെങ്കിലുമൊരു ഭിന്നതയോ, വ്യവഹാരമോ ഉണ്ടായാൽ നീതിക്കുവേണ്ടി അവർ സമീപിച്ചിരുന്നത് ബിഷപ്പുമാരെ ആയിരുന്നു.

അവരുടെ ആവലാതികൾ കേട്ട് നീതി നടത്തിക്കൊടുത്തിരുന്നത് ബിഷപ്പുമാരായിരുന്നു. ചില സന്ദർഭങ്ങളിൽ കക്ഷികളുടെ സമ്മതത്തോടെ നാലോ അഞ്ചോ പേരുൾപ്പെട്ട ഒരു സമിതിയെ കേസ് കേൾക്കുന്നതിന് മെത്രാൻ നിയമിക്കും. ആ സമിതിക്കു മുൻപാകെയായിരിക്കും കക്ഷികൾ തങ്ങളുടെ ഭാഗം കേൾപ്പിക്കുന്നത്. സമിതിയുടെ നിഗമനങ്ങൾ കേട്ട് മെത്രാൻ തീർപ്പ് കൽപ്പിച്ച് ഓല എഴുതിനൽകും. മെത്രാൻ നൽകുന്ന ഉത്തരവ് എല്ലാവരും സ്വീകരിച്ച് അനുസരിക്കും.

അക്കാലത്ത് അങ്കമാലിയിൽ മെത്രാൻ നിയമിച്ച സമിതിക്കു മുൻപാകെ ഒരു വാദം നടക്കുകയാണ്. ഒരു സ്ത്രീയാണ് തന്റെ വാദം മെത്രാൻ സമിതിക്കു മുൻപാകെ ഉന്നയിക്കുന്നത്. മൂന്നുദിവസം തുടർച്ചയായി വാദം. അന്ന് സ്ത്രീസമൂഹം അനീതിക്കെതിരെയായിരുന്നു ആ സ്ത്രീയുടെ വാദം. ആ സ്ത്രീയുടെ ആവലാതിക്ക് ആധാരമായ വസ്തുതകൂടി വിശദമാക്കാം. അന്ന് ക്രൈസ്തവർക്കിടയിൽ പെൺമക്കൾക്ക് പിതൃസ്വത്തിന് അവകാശമുണ്ടായിരുന്നില്ല. പെൺകുട്ടികൾ മാത്രമുള്ള ബന്ധത്തിലോ, മൂന്നു നാല് തലമുറ അകന്ന ബന്ധത്തിലോ ഉള്ള പുരുഷനേ ലഭിക്കുമായിരുന്നുള്ളൂ. എന്നാൽ ആൺമക്കളുള്ള ഒരു പിതാവ് മറ്റൊരു ആൺകുട്ടിയെയോ കുട്ടികളെയോ ദത്തെടുത്തുവെന്നിരിക്കട്ടെ. അയാളുടെ മരണാനന്തരം അവർക്കു കൂടി പിതൃസ്വത്തിൽ തുല്യാവകാശം ലഭിക്കും. ചിലപ്പോൾ അടിമകളുടെ ആൺകുട്ടികളെയും ചിലർ ദത്തെടുത്തെന്നിരിക്കും. ഈ നടപടിക്ക് നിയമപ്രാബല്യം നേടിയിരിക്കണം. മെത്രാന്റെ ഓല ലഭിച്ചാൽ നിയമപ്രാബല്യമായി. അതോടെ ആ കുട്ടിയും ദത്തെടുത്ത വ്യക്തിയുടെ സ്വത്തിന് അവകാശിയായിത്തീരുന്നു. ഈ പശ്ചാത്തലം വ്യക്തമാക്കിക്കൊണ്ട് തങ്ങൾക്കും- പെൺമക്കൾക്കും -പിതൃസ്വത്തിന് അവകാശം അനുവദിക്കണമെന്ന് വാദിക്കുകയായിരുന്നു ആ സ്ത്രീ.

ഡോ. മെനെസിസിന്റെ സന്തത സഹചാരിയായിരുന്ന ഫാ. ആന്റണി ഗവെയോ ഈ സാഹചര്യവും ആ സ്ത്രീയുടെ വാദവും മെനെസിസ് മെത്രാന്റെ ശ്രദ്ധയിൽ പെടുത്തുകയായിരുന്നു. ഈ സാമൂഹ്യാവസ്ഥ പ്രാകൃവും എല്ലാ നീതിനിയമങ്ങൾക്കും വിരുദ്ധവുമാണെന്ന് ആർച്ച് ബിഷപ്പ് പ്രഖ്യാപിക്കുകയും ഈ നീതിനിഷേധത്തിന് സൂനഹദോസിലെ കാനോനയിലൂടെ നിരോധനം പ്രഖ്യാപിച്ച് നടപ്പിലാക്കുകയും ചെയ്തു.

ഷവലിയർ ഡോ. പ്രീമൂസ് പെരിഞ്ചേരി ഉദയംപേരൂർ സൂനഹദോസിലെ കാനോനകളുടെ ആധുനിക മലയാള ഭാഷാന്തരം പ്രസിദ്ധീകരിക്കുകയുണ്ടായി. അതിൽനിന്നുമാണ് ഇവിടെ പതിനഞ്ചാം കാനോന ഉദ്ധരിക്കുന്നത്.മലങ്കരയിൽ സർവ്വന്യായങ്ങൾക്കും എതിരായ ഒരു രീതി നിലനിന്നിരുന്നു. ഈ രൂപതയിലെ ആൺമക്കൾക്ക് അനന്തരാവകാശമുണ്ടായിരുന്നു. ഇത് ആൺമക്കൾ മാത്രമുള്ളിടത്തല്ല, പെണ്ണുങ്ങൾ മാത്രമുള്ളിടത്തും അവർക്ക് പിന്തുടർച്ചക്കാര്യത്തിൽ ബന്ധമുണ്ടായിരുന്നില്ല. സ്ത്രീ

തന്റെ ഏകജാതനായ പുത്രനിൽ വിശ്വസിക്കുന്ന ഏവനും നശിച്ചുപോകാതെ നിത്യജീവൻ പ്രാപിക്കേണ്ടതിന്നു ദൈവം അവനെ നല്കുവാൻ തക്കവണ്ണം ലോകത്തെ അത്രമേൽ സ്നേഹിച്ചു.
യോഹന്നാൻ 3:16

ധനം വാങ്ങിക്കൊണ്ട് കെട്ടിപ്പോയ സ്ത്രീകൾക്കു മാത്രമല്ല, ഇനിയും വിവാഹിതരാകാനും വളരാനുമിരിക്കുന്ന പെൺകുട്ടികൾക്കും പിന്തുടർച്ചാവകാശമുണ്ടായിരുന്നില്ല. ഏറെ ബുദ്ധിമുട്ടനുഭവിക്കുന്നവരും അന്വേഷിച്ചുപോയവരും ഇവരിലുണ്ട്. കാരണവർ സമ്പാദിച്ചത് ആൺമക്കളും അടുത്ത ബന്ധുക്കളും കൈവശമാക്കുകയായിരുന്നു പതിവ്. വസ്തു ഉടമയുടെ പെൺമക്കൾക്കും കുറെയെങ്കിലും കൊടുക്കണമെന്ന ചിന്തയേ ഇല്ല. ഇതെല്ലാം ന്യായത്തിനും സാമാന്യ മര്യാദയ്ക്കും എതിരാണ്. ന്യായത്തിന്റെ രീതിയിൽ കാരണവരുടെ കടവും ധനവും ആൺമക്കൾക്കും പെൺമക്കൾക്കും ഒരുപോലെയത്രേ വരേണ്ടത്. ഓരോ കാരണവരുടെയും വസ്തുക്കൾ കൈവശപ്പെടുത്തിയവർ പെൺമക്കൾക്കും അതു കൊടുത്തേ മതിയാവൂ. ഇതിനാൽ പരിശുദ്ധ സൂനഹദോസ് പ്രമാണിക്കുന്നു. ഇത്രയും നാളത്തെ രീതി ന്യായമായ രീതിയായിരുന്നില്ല. അടുത്ത ബന്ധുക്കൾ മരിക്കുമ്പോൾ പെൺമക്കളുണ്ടെങ്കിൽ ആൺമക്കൾ തങ്ങൾക്കായിമാത്രം എല്ലാം സ്വന്തമാക്കിക്കൊള്ളരുത്. അങ്ങനെ സ്വന്തമാക്കിയാൽ അതു പാപമാകും. മരിച്ചയാളുടെ പെൺമക്കൾക്കും അയാൾ കൈവശമാക്കിയ മുതലും അതിൽനിന്നുണ്ടാക്കിയ പലിശയും കൊടുത്തേ മതിയാകൂ. ആൺമക്കൾക്കു മാത്രമായി കാരണവരുടെ വസ്തു പങ്കിട്ടെടുക്കരുത്. അവരുടെ സഹോദരിമാർക്കുകൂടി ഓഹരി കൊടുത്തേമതിയാകൂ. ഇങ്ങനെയല്ലാതെ ചെയ്തിട്ടുണ്ടെങ്കിൽ അവർ തങ്ങളുടെ സഹോദരിമാർക്കുള്ള ഓഹരി വീണ്ടും കൊടുത്തേ മതിയാകൂ. വസ്തു സമ്പാദിച്ചയാൾ, ഇന്നതിന്നത് ഇന്നയാൾക്കിത്ര എന്ന് മരിക്കുമ്പോൾ നിശ്ചയിച്ചിരിക്കുന്നതു നോക്കാതെ, സർവ്വമുതലുംകൊണ്ട് ഒന്നുപോലെ ഓഹരി വീണ്ടും നൽകിയേ പറ്റൂ. വിവാഹിതരായ സ്ത്രീകൾക്കു കൊടുത്ത സ്ത്രീധനമുതലും ആൺമക്കൾക്കു കച്ചവടത്തിനു കൊടുത്തതുംകൂടെ ഓഹരിയിൽ ഉൾപ്പെടുത്തുകയും വേണം. പരിശുദ്ധ സൂനഹദോസ് ഒരു പ്രമാണമായി കല്പിക്കുന്നു. ഇങ്ങനെതന്നെ എല്ലാം ചെയ്യണമെന്നും, ഇത് എല്ലാവർക്കുമുള്ള കല്പനയായിരിക്കണമെന്നും, തങ്ങളുടെ ആത്മാവിനടുത്ത കാര്യമായതിനാൽ, അടുത്ത ബന്ധുക്കൾ പെൺമക്കൾക്കു കൊടുത്ത അനന്തരാവകാശം ആങ്ങളമാർ സഹോദരിമാർക്കു കൊടുക്കാതിരുന്നാലും, കിട്ടേണ്ടത് മറ്റുള്ളവർക്കു കൊടുക്കാതെ തങ്ങൾതന്നെ അവകാശമാക്കിക്കൊണ്ടിരുന്നാലും, ഇതെല്ലാം സഭാനിയമങ്ങൾക്ക് എതിരായതിനാൽ മേല്പ്പട്ടക്കാരന്റെ പ്രായശ്ചിത്തംവഴി അതെല്ലാം വീണ്ടെടുക്കണം. ഈ കല്പന അനുസരിക്കാത്തവരെ മഹറോൻ ചൊല്ലണം. ആ മഹറോൻ നീക്കണമെങ്കിൽ ഈ കല്പനയ്ക്കനുസൃതം പ്രവർത്തിച്ച് ലഭിക്കേണ്ടവർക്ക് ഇത് ലഭ്യമാക്കിയേ മതിയാവൂ എന്നറിയുക."– ഏഴാംകൂടി വിചാരം പതിനഞ്ചാം കാനോന.

അലക്സിസ് മെനെസിസ് മെത്രാപ്പോലിത്ത കേരളത്തിലെ ഇടവകകൾതോറും സഞ്ചരിച്ച് ജനങ്ങളുമായി സംവദിച്ചതിൽ നിന്നും, സ്ത്രീകൾ അനുഭവിക്കുന്ന പരിതാപകരമായ അവസ്ഥ മനസ്സിലാക്കി, അതിന് സമ്പൂർണ്ണ പരിഹാരം ഈ കാനോനയിലൂടെ നിയമവിധേയമാക്കുന്നു. ഏതെങ്കിലും സാഹചര്യത്തിൽ ആരെങ്കിലും ഈ കാനോന ലംഘിക്കുന്നുവെങ്കിൽ കടുത്ത ശിക്ഷതന്നെ കല്പിച്ചിരിക്കുന്നു. സ്ത്രീശാക്തീകരണത്തിനും സ്ത്രീസുരക്ഷയ്ക്കും കേരളത്തിൽ ആദ്യമായി നൽകിയ നിയമ പരിരക്ഷയാണ് ഈ കാനോന. നൂറ്റാണ്ടുകൾക്കു മുമ്പേ ഭാവിയിലേക്കായി മെനെസിസ് മെത്രാപ്പോലിത്ത സാമൂഹികവും നിയമപരവുമായ കരുതൽ!

(തുടരും)

■

കവിത

ബാല്യത്തിലേക്കൊരു തിരിഞ്ഞുനോട്ടം



ആശാൻ ബാബു
നൊച്ചിക്കാട്ട്
KIDS

ആ കാണും നാലുമണി പൂപ്പന്തലിൽ
പണ്ടു നമ്മൾ ഒന്നിച്ചിരുന്നു
എന്തെല്ലാം കഥകൾ പറഞ്ഞു
എന്തെല്ലാം ഏതെല്ലാം കഥകൾ പറഞ്ഞു നമ്മൾ
എന്തെല്ലാം ഏതെല്ലാം കളികൾ കളിച്ചു (ആ കാണും...)

കല്ലു കളിച്ചു, ഊഞ്ഞാലാടിക്കളിച്ചു
ഇലഞ്ഞുക്കുരു പെറുക്കി
ഒറ്റയിരട്ട പിടിച്ചു കളിച്ചു (ആ കാണും...)

പമ്പരം കൊത്തി കളിച്ചു നമ്മൾ
വട്ടപ്പാലം ചുറ്റിക്കളിച്ചു
കണ്ണുപൊത്തി, എണ്ണി, ഓടി
തൊങ്കിതൊട്ടു കളിച്ചു... (ആ കാണും...)

മണ്ണപ്പം ചുട്ടുകളിച്ചു, കൊച്ചു-
കഞ്ഞീം കറീം വെച്ചു കളിച്ചു
ചെമ്പരത്തിപ്പൂവിറുത്ത് മാല കോർത്തു
കഴുത്തിലിട്ട് കല്യാണം കഴിച്ചു കളിച്ചു (ആ കാണും...)

വിശ്വാസ പരിശീലന അറിയിപ്പുകൾ

2025 ഡിസംബർ 07, ഞായർ	വിശ്വാസ പരിശീലകർക്കുള്ള സഭാവിജ്ഞാന പരീക്ഷ (രൂപതാതലം)
2025 ഡിസംബർ 21, ഞായർ	ക്രിസ്തുമസ് സെലിബ്രേഷൻ (HM & Secretary)
2025 ഡിസംബർ 28, ഞായർ	ജൂബിലീവർഷ ബൈബിൾ രചനാ മഹാസംഗമം (കോട്ടപ്പുറം കത്തീഡ്രൽ)

ഫാമിലി അപ്പസ്തോലേറ്റിന്റെ ഡിസംബർ മാസത്തെ പരിപാടികൾ

12, 13 & 14 തീയതികളിൽ വിവാഹ ഒരുക്ക കോഴ്സ്

14-ാം തീയതി വിവാഹ ഒരുക്ക കോഴ്സിൽ പങ്കെടുക്കുന്നവരുടെ മാതാപിതാക്കൾക്കുള്ള സെമിനാർ (2pm - 4 pm)

കർത്താവ് എന്റെ ഇടയനാകുന്നു. എനിക്കൊന്നിനും കുറവുണ്ടാകുകയില്ല.

സങ്കീ 23:1

ഏഴു മുതൽ പത്തു വരെ ദൈവകല്പനകൾ

ഫാ. സിജോ വേലിക്കകത്തോട്ട്
വിശ്വാസ പരിശീലന കമ്മീഷൻ ഡയറക്ടർ

പത്തു കല്പനകളെക്കുറിച്ചുള്ള സഭാപഠനങ്ങളുടെ സമാപനത്തിലേക്ക് നാം പ്രവേശിക്കുന്നു. ഏഴു മുതൽ പത്തു വരെയുള്ള നാലു കല്പനകളാണ് നാം ഇവിടെ വിശകലനം ചെയ്യുന്നത്. ഇവയെല്ലാംതന്നെ ഒരു വ്യക്തിയുടെ സത്യസന്ധതയെയും ആത്മാർത്ഥതയെയും വിശുദ്ധിയെയും സർവ്വോപരി ദൈവം ഒരുവനു നൽകിയിട്ടുള്ള നന്മകളോട് അവൻ/അവൾ പുലർത്തേണ്ട കൃതജ്ഞത എന്ന മനോഭാവത്തിന്റെ ആവശ്യകതയെയും ചൂണ്ടിക്കാണിക്കുന്നു.

മോഷ്ടിക്കരുത് – ഏഴാം കല്പന

ഒരുവൻ തന്റെ അയല്ക്കാരന്റെ വസ്തുക്കൾ അന്യായമായി എടുക്കുകയോ പിടിച്ചുവയ്ക്കുകയോ ചെയ്യുന്നതും, അപരന്റെ വസ്തുക്കൾക്ക് എന്തെങ്കിലും വിധത്തിൽ ദ്രോഹം ചെയ്യുന്നതും ഏഴാം കല്പന വിലക്കുന്നു. ഈ കല്പന മോഷണത്തെ, അതായത് ഒരു വസ്തു അതിന്റെ ഉടമയുടെ അനുവാദമില്ലാതെ നിയമവിരുദ്ധമായി പിടിച്ചെടുക്കുക എന്ന പ്രവൃത്തിയെ, നിരോധിക്കുന്നു. മറ്റുള്ളവരുടെ വസ്തു അന്യായമായി എടുക്കുകയും സൂക്ഷിക്കുകയും ചെയ്യുന്നത്, ഏഴാം പ്രമാണത്തിനു വിരുദ്ധമായ പ്രവർത്തിയാണ്. ആയതിനാൽ കടം വാങ്ങിയതോ കളഞ്ഞു കിട്ടിയതോ ആയ വസ്തുക്കളെ മനഃപ്പൂർവ്വം സൂക്ഷിക്കുന്നതും, വ്യാപാരപരമായ വഞ്ചന നടത്തുന്നതും, നീതിക്കു നിരക്കാത്ത കൂലികൾ കൊടുക്കുന്നതും, അന്യന്റെ അജ്ഞത മുതലെടുത്തുകൊണ്ട് വില കൂട്ടുന്നതും ഏഴാം പ്രമാണത്തിനു വിരുദ്ധമാണ് (CCC 2408, 2409).

കള്ളസാക്ഷ്യം പറയരുത് – എട്ടാം കല്പന

മറ്റുള്ളവരോടുള്ള നമ്മുടെ ബന്ധങ്ങളിൽ സത്യത്തെ വളച്ചൊടിക്കുന്നത് എട്ടാം കല്പന നിരോധിക്കുന്നു. സത്യമായവനും സത്യം ആഗ്രഹിക്കുന്നവനുമായ തങ്ങളുടെ ദൈവത്തിന് സാക്ഷ്യം വഹിക്കാൻ വിശുദ്ധ ജനത്തിനുള്ള വിളിയിൽ നിന്നാണ് ഈ ധാർമ്മിക നിർദ്ദേശം പുറപ്പെടുന്നത്. എല്ലാ സത്യത്തിന്റെയും സ്രോതസ്സ് ദൈവമാണ് എന്നതിന് പഴയ നിയമം സാക്ഷ്യംവഹിക്കുന്നു. അവിടുത്തെ വചനം സത്യമാണ്. അവിടുത്തെ നിയമം സത്യമാണ്. അവിടുത്തെ വിശ്വസ്തത എല്ലാ തലമുറകളിലും നിലനിൽക്കുന്നു. ദൈവം സത്യവാനാകയാൽ അവിടുത്തെ ജനത്തിലെ അംഗങ്ങൾ സത്യത്തിൽ ജീവിക്കുവാൻ വിളിക്കപ്പെട്ടിരിക്കുന്നു. ക്രിസ്തുവിന്റെ ശിഷ്യൻ സത്യത്തിൽ ജീവിക്കുവാൻ, അതായത് കർത്താവിന്റെ മാതൃക അനുസരിച്ച് അവിടുത്തെ സത്യത്തിൽ നിലനിന്നുകൊണ്ട് ലാളിത്യ

അവന്റെ വായ് വെണ്ണപോലെ മൃദുവായതു, ഹൃദയത്തിലോ യുദ്ധമത്രേ. അവന്റെ വാക്കുകൾ എണ്ണയെക്കാൾ മയമുള്ളവ, എങ്കിലും അവ ഊരിയ വാൾ പോലെയായിരുന്നു.

സങ്കീ 55:21

ത്തിൽ ജീവിക്കുവാൻ വിളിക്കപ്പെട്ടിരിക്കുന്നു (CCC 2464, 2465, 2470).

മോഹിക്കരുത് – ഒമ്പതും പത്തും കല്പനകൾ

വി. യോഹന്നാൻ അത്യാഗ്രഹത്തെ അഥവാ ആസക്തിയെ മൂന്നായി വേർതിരിക്കുന്നുണ്ട്: ശരീരത്തിന്റെ ആസക്തി, കണ്ണിന്റെ ആസക്തി, ജീവിതത്തിന്റെ അഹന്ത. കത്തോലിക്കാ മതബോധന പാരമ്പര്യത്തിൽ ഒമ്പതാം കല്പന ജഡികാസക്തിയെയും പത്താം കല്പന മറ്റുള്ളവരുടെ വസ്തുക്കളോടുള്ള അത്യാസക്തിയെയും നിരോധിക്കുന്നു. മാമ്മോദീസ സ്വീകരിക്കുന്നവന് എല്ലാ പാപങ്ങളിലും നിന്നുള്ള ശുദ്ധീകരണത്തിന്റെ കൃപാവരം നല്കപ്പെടുന്നുണ്ട്. എന്നാൽ മാമ്മോദീസ സ്വീകരിച്ചയാൾ ജഡികാസക്തിക്കും ക്രമരഹിതമായ ആഗ്രഹങ്ങൾക്കും എതിരെയുള്ള സമരം തുടരണം. ദൈവത്തിന്റെ കൃപയാൽ അയാൾ ലക്ഷ്യത്തിലെത്തും (CCC 2514, 2520).

പത്താം കല്പന ജഡികാസക്തിയെ സംബന്ധിച്ച ഒമ്പതാം കല്പനയെ വ്യക്തമാക്കി കാണിക്കുകയും പൂർത്തിയാക്കുകയും ചെയ്യുന്നു. ഏഴാം കല്പന വിലക്കുന്ന മോഷണം, പിടിച്ചുപറി, വഞ്ചന എന്നിവയുടെ മൂലകാരണം എന്ന നിലയിൽ, മറ്റൊരാളുടെ വസ്തുക്കളെ മോഹിക്കുന്നതിനെ പത്താം കല്പന നിരോധിക്കുന്നു. അത്യാഗ്രഹത്തെയും ഭൗതിക വസ്തുക്കൾ അതിരില്ലാതെ കൂമ്പാരം കൂട്ടുന്നതിനുള്ള ആഗ്രഹത്തെയും പത്താം കല്പന വിലക്കുന്നു. സമ്പത്തിനും അതോടൊപ്പമുള്ള അധികാരത്തിനും വേണ്ടിയുള്ള ആസക്തിയിൽ നിന്നുണ്ടാകുന്ന ദുരാഗ്രഹത്തെ അതു നിരോധിക്കുന്നു. ഭൗതിക വസ്തുക്കളുടെ കാര്യത്തിൽ അയൽക്കാരന് ദ്രോഹം ചെയ്തുകൊണ്ട് അനീതി പ്രവർത്തിക്കുവാനുള്ള ആഗ്രഹത്തെയും അതു നിരോധിക്കുന്നു. "മോഹിക്കരുത്" എന്നു നിയമം പറയുമ്പോൾ ഈ വാക്കുകളുടെ അർത്ഥം നമ്മുടേതല്ലാത്ത എല്ലാറ്റിനോടുമുള്ള ആഗ്രഹങ്ങളെ നാം നിഷ്കാസനം ചെയ്യണം എന്നാണ്. മറ്റുള്ളവരുടെ വസ്തുക്കൾക്കുവേണ്ടിയുള്ള നമ്മുടെ തൃഷ്ണ അളവറ്റതും അനന്തവും ഒരിക്കലും ശമിപ്പിക്കപ്പെടാത്തതുമാണ്. അതുപോലെ തന്നെ അന്യന്റെ വസ്തുക്കൾ കാണുമ്പോഴുണ്ടാകുന്ന ദുഃഖത്തെയും അന്യായമായിട്ടുപോലും അവ നേടാനുള്ള ക്രമരഹിതമായ ആഗ്രഹത്തെയും "അസൂയ" എന്നു വിളിക്കുന്നു. ഗൗരവപൂർണ്ണമായ ഒരു ദ്രോഹം അയല്ക്കാരനുണ്ടാകണമെന്ന് ആഗ്രഹിക്കുമ്പോൾ അതൊരു മാരകപാപമായിത്തീരുന്നു (CCC 2534, 2536, 2539).

ഉപസംഹാരം

ദൈവത്തിന്റെ സൃഷ്ടിയിൽ ഏറ്റവും ശ്രേഷ്ഠമായതാണ് മനുഷ്യൻ. തന്റെ ഛായയിലും സാദൃശ്യത്തിലുമാണ് ദൈവം മനുഷ്യനെ സൃഷ്ടിച്ചത്. ആയതിനാൽ ദൈവത്തിന്റെ പരിശുദ്ധി തങ്ങളുടെ ജീവിതത്തിൽ കാത്തുസൂക്ഷിക്കുവാൻ മനുഷ്യനു കടമയുണ്ട്. താൻ സൃഷ്ടിച്ച് തിരഞ്ഞെടുത്ത ജനം എന്നും അങ്ങനെതന്നെ ആയിരിക്കണമെന്ന ആഗ്രഹത്തോടെയാണ് ദൈവം മോശയിലൂടെ പത്തു കല്പനകൾ ദൈവജനത്തിനു നൽകിയത്. അതു പാലിക്കണമെന്നും തലമുറകളിലൂടെ കൈമാറ്റം ചെയ്യണമെന്നും ദൈവം ആഗ്രഹിച്ചു. അതുവഴി അവിടുന്നു നമ്മുടെ ദൈവവും നാം അവിടുത്തെ തിരഞ്ഞെടുക്കപ്പെട്ട ജനവുമായിത്തീരാൻ ദൈവം തിരുമനസ്സായി. ആയതിനാൽ നമുക്ക് ഈ കല്പനകളുടെ വഴി പിഞ്ചെന്ന് ദൈവത്തിന്റെ സ്വന്തം ജനമായി വളരാൻ പരിശ്രമിക്കാം.

■

കാലസമ്പൂർണത വന്നപ്പോൾ ദൈവം തന്റെ പുത്രനെ അയച്ചു.
അവൻ സ്ത്രീയിൽ നിന്നു ജാതനായി; നിയമത്തിന് അധീനനായി ജനിച്ചു.

ഗലാ 4:4

കത്തോലിക്കാ സഭയെ അറിയാം... പഠിക്കാം...

കത്തോലിക്കാ സഭയിലെ 6 റീത്തുകളും 24 വ്യക്തിസഭകളും

അനി ജോസഫ്, കൂട്ടുകാട്

സാർവത്രിക സഭയുടെ കൂട്ടായ്മയിൽ 24 സ്വയാധികാരസഭകൾ ആണുള്ളത്. റോമൻ കത്തോലിക്ക സഭയും (ലത്തീൻ റീത്ത്) 23 പൗരസ്ത്യസഭകളും ഉൾപ്പെടെയാണ് ഇത്. നിയമാനുസൃതമായ ഹയരാർക്കിയാൽ കൂട്ടിയോജിപ്പിക്കപ്പെട്ടതും ആരാധനക്രമം, ദൈവശാസ്ത്രം, ആദ്ധ്യാത്മികത എന്നിവയിൽ പ്രകാശിതമായതും സ്വയം ഭരണാധികാരമുള്ളതെന്ന് ഔദ്യോഗികമായി സഭ അംഗീകരിച്ചതുമായ ക്രൈസ്തവ വിശ്വാസികളുടെ സമൂഹത്തെയാണ് സ്വയാധികാരസഭ എന്ന് വിളിക്കുന്നത്. സഭാ പൈതൃകത്തിന്റെ വ്യതിരിക്തതയെ (Individuality) സൂചിപ്പിച്ച് സ്വയാധികാരസഭയെ വ്യക്തിസഭ (Individual Church) എന്നും വിളിക്കാറുണ്ട്. ഓരോ സ്വയാധികാരസഭയും തങ്ങളുടേതായ രീതിയിൽ വിശ്വാസം ജീവിച്ച് വെളിവാക്കുന്ന പൈതൃകത്തെയാണ് റീത്ത് എന്ന് പറയുന്നത്. അവ റോമൻ (ലത്തീൻ റീത്ത്) പാശ്ചാത്യ പാരമ്പര്യത്തിൽ നിന്നും അലക്സാണ്ഡ്രിയൻ റീത്ത്, അന്ത്യോക്യൻ റീത്ത്, ബൈസന്റൈൻ റീത്ത് (കോൺസ്റ്റാന്റിനോപ്പിൾ), പൗരസ്ത്യസുറിയാനി റീത്ത്, അർമേനിയൻ റീത്ത് എന്നീ പൗരസ്ത്യ പാരമ്പര്യങ്ങളിൽനിന്നും ഉത്ഭവിച്ചിട്ടുള്ളവയാണ്. എങ്കിലും വിശ്വാസം, കൂദാശകൾ, ശുശ്രൂഷാ സംവിധാനം (ഹയരാർക്കി) എന്നിവയാൽ അവ പരസ്പരം ഐക്യപ്പെട്ടിരിക്കുന്നു. ഈ ആറു പാരമ്പര്യങ്ങൾ സഭയുടെ ഔദ്യോഗികമായ ആറ് ആരാധനക്രമങ്ങളെ കേന്ദ്രീകരിച്ചാണ് നിലകൊള്ളുന്നത്. ഓരോ സഭയുടെയും തനിമ നിർണ്ണയിക്കുന്ന ഏറ്റവും പ്രധാനപ്പെട്ട ഘടകം ആരാധനക്രമമാണ്.

ഇതിൽ ഏറ്റവും പ്രധാനപ്പെട്ടത് ഏകദേശം 120 കോടി വിശ്വാസികൾ ഉള്ള റോമൻ കത്തോലിക്കാ സഭയാണ് (ലത്തീൻ റീത്ത്). അലക്സാണ്ഡ്രിയൻ റീത്തിൽ 3 സഭകളുണ്ട് അവ കോപ്റ്റിക് സഭ, എറിട്രിയൻ സഭ, എത്യോപ്യൻ സഭ എന്നിവയാണ്. അർമേനിയൻ റീത്തിൽ ഏകദേശം 6 ലക്ഷത്തോളം വിശ്വാസികളുള്ള അർമേനിയൻ സഭയാണ് ഉള്ളത്. അന്ത്യോക്യൻ റീത്തിൽ (പാശ്ചാത്യ സുറിയാനി) മാറോണൈറ്റ് സഭ, പാശ്ചാത്യ സുറിയാനി സഭ, സീറോ മലങ്കര സഭ എന്നിങ്ങനെ മൂന്നു വ്യക്തി സഭകളാണുള്ളത്. കൽദായ റീത്തിൽ (പൗരസ്ത്യ സുറിയാനി പാരമ്പര്യം) രണ്ട് വ്യക്തിസഭകൾ ഉണ്ട്. അവ കൽദായ കാത്തലിക്, സീറോ മലബാർ സഭ എന്നിവയാണ്. ബൈസന്റൈൻ റീത്തിൽ (കോൺസ്റ്റാന്റിനോപ്പിൾ) താഴെ

പറയുന്ന 14 വ്യക്തി സഭകൾ ഉണ്ട്. അൽബേനിയൻ സഭ, ബെലാറുസിയൻ സഭ, ഗ്രീക്ക് - ബൾഗേറിയൻ സഭ, ബൈസന്റിയൻ ചർച്ച് ഓഫ് ക്രൊയേഷ്യ - സെർബിയ, ഗ്രീക്ക് ബൈ സന്റിയൻ സഭ, ഹംഗേറിയൻ ഗ്രീക്ക് സഭ, ഇറ്റാലോ - അൽബേനിയൻ സഭ, മാസിഡോണി യൻ സഭ, ഗ്രീക്ക് മെൽക്കിറ്റ് സഭ, റൊമാനിയൻ സഭ, റഷ്യൻ സഭ, റുഥേനിയൻ സഭ, സ്ലോവാക് സഭ, ഉക്രേനിയൻ സഭ എന്നിവയാണ്. പൗരസ്ത്യ പാരമ്പര്യത്തിലുള്ള 23 സഭകളിലുമായി ഏകദേശം മൂന്നരക്കോടി വിശ്വാസ സമൂഹമാണ് ഉള്ളത്. ഇപ്രകാരം 24 വ്യക്തി സഭകളും തങ്ങ ളുടെ ആരാധനക്രമങ്ങളും പാരമ്പര്യങ്ങളും അതിന്റെ തനിമ നഷ്ടപ്പെടാതെ തന്നെ ദൈവരാജ്യ ശുശ്രൂഷയിൽ തങ്ങളുടെ കർത്തവ്യം മനോഹരമായി നിർവഹിച്ചുകൊണ്ടും പത്രോസിന്റെ സിംഹാസനത്തിന് അനുസരണം നൽകിക്കൊണ്ടും കത്തോലിക്ക സഭയെ കൂടുതൽ മനോഹര മാക്കുന്നു. ■

കവിത

വരവേൽപ്പ്

ഷീബ സാജൻ, പൊയ്യ

ലോകൈകനാഥനാം പൊന്നുണ്ണിയെ
വരവേറ്റീടൈനായ് വാനവും ഭൂവുമൊരുങ്ങിനിൽപ്പൂ!
നക്ഷത്രകുഞ്ഞുങ്ങൾ മിഴിതുറന്നങ്ങനെ
തത്തിക്കളിക്കുന്നു വാനിലെങ്ങും
ആകാശത്തമ്പിളി പാലൊളി പുഞ്ചിരിതൂകി നിൽപ്പൂ
പുൽനാമ്പിലൂറും മഞ്ഞുകണങ്ങളും
സന്തോഷിച്ചുല്ലസിച്ചീടുന്നു പാരിൽ
സസ്യലതാതികൾ ചാഞ്ചാടിയാടുന്ന കാറ്റി-
നൊപ്പം നൃത്തച്ചുവടുകൾ വച്ചീടുന്നു
ഉണ്ണിയോടൊത്ത് കളിക്കുവാനായ്
ഭൂവിലും ഉണ്ണികൾ കാത്തിരിപ്പൂ
ആഹാ...എന്തൊരു ആനന്ദമേവർക്കും
നാഥന്റെ തിരുമുഖം കാണുവാനായ്...
പാപത്തിനിരുളകറ്റി, നെഞ്ചിലെ നോവകറ്റി
മാലോകർക്കെന്നും രക്ഷകനായ്...
പാരിൽ വന്നു പിറക്കും പൊന്നുണ്ണിയെ,
ഹൃത്തിലൊരു പുൽക്കൂടു തീർത്തു-
ഞാനും നിന്നെ കാത്തിരിപ്പൂ!



സമാധാനം സ്ഥാപിക്കുന്നവർ ഭാഗ്യവാൻമാർ; അവർ ദൈവപുത്രൻ മാരെന്നു വിളിക്കപ്പെടും.
മത്താ 5 : 9

അഖൽക്കൂട്ടം

ലൂക്കാ 2, 8 - 19

മരിയൻ ഭക്തി കത്തോലിക്കാ സഭ വേണ്ടെന്നുവച്ചോ?

ഡോ. പ്രവീൺ കുരിശിങ്കൽ

രക്ഷകനായ ക്രിസ്തുവിന്റെ വരവിനായി പ്രതീക്ഷയോടെയും ജാഗ്രതയോടെയും ഒരുക്കത്തോടെയും കാത്തിരിക്കുന്ന ഈ വർഷത്തെ ആഗമനകാല യാത്ര പരി. അമ്മയോടൊപ്പമാകുന്നതാണ് ഉചിതമെന്ന് തോന്നുന്നു. കാരണം, ഒക്ടോബർ മാസത്തിലെ മരിയൻ ആഘോഷങ്ങളും ഭക്താനുഷ്ഠാനങ്ങളും കഴിഞ്ഞപ്പോൾ കത്തോലിക്കാസഭയിൽ നിന്നും മരിയൻ ഭക്തി എടുത്തുകളഞ്ഞെന്നും മരിയൻ ഭക്തിയെ പിന്തുണയ്ക്കാത്ത പാപ്പയാണ് ലിയോ പാപ്പയെന്നും "വാർത്താ സൃഷ്ടാക്കളും"'റീൽസ് സൃഷ്ടാക്കളും' എഴുതിപ്പിടിപ്പിച്ചു. കത്തോലിക്കരെന്നു അഭിമാനിക്കുന്ന നമുക്ക് അറിവില്ലായ്മകൊണ്ടോ നിഷ്ക്രിയത്വം കൊണ്ടോ അതിനു മറുപടിയും ഇല്ലാതായിപ്പോയി. ആയതിനാൽ നമുക്ക് കുറച്ചെങ്കിലും ആ പഠനരേഖയെകുറിച്ച് മനസിലാക്കാം.

വത്തിക്കാനിലെ വിശ്വാസ പ്രമാണത്തിനായുള്ള തിരുസംഘത്തിന്റെ (Dicastery of Doctrine of Faith) Mater Popoli Fidelis എന്ന പ്രബോധന രേഖയിലൂടെ മാതൃഭക്തിയിൽ ഉണ്ടായ പോരായ്മകളെ സഭ തിരുത്തുകയല്ല ചെയ്തിരിക്കുന്നത്, മറിച്ച്, ഈ പ്രബോധന രേഖയിലൂടെ മാതൃഭക്തിയെയും ചില മരിയൻ തലകെട്ടുകളെയും (Marian Titles) കുറിച്ചുള്ള ചോദ്യങ്ങൾ സംബന്ധിച്ച് സമീപകാല ദശകങ്ങളിൽ പരിശുദ്ധ സിംഹാസനത്തിൽ, പ്രത്യേകിച്ച് വിശ്വാസ പ്രമാണത്തിനായുള്ള തിരുസംഘത്തിൽ (Dicastery for the Doctrine of the Faith) സമർപ്പിക്കപ്പെട്ടിരിക്കുന്ന നിരവധി അഭ്യർത്ഥനകൾക്കും നിർദ്ദേശങ്ങൾക്കും മറുപടി നൽകുക മാത്രമാണ് ചെയ്തിരിക്കുന്നത്. കൂടുതൽ വ്യക്തമായി പറഞ്ഞാൽ, മറിയത്തെ പരാമർശിക്കുന്ന ചില തലക്കെട്ടുകളും പ്രയോഗങ്ങളും ഏക മധ്യസ്ഥനും രക്ഷകനുമായ ക്രിസ്തുവിന്റെ രഹസ്യത്തിന്റെ വെളിച്ചത്തിലും വിശ്വാസികളുമായുള്ള ബന്ധത്തിൽ മറിയത്തിന്റെ സ്ഥാനം വ്യക്തമാക്കിക്കൊണ്ടും മരിയൻ ഭക്തിയുടെ ശരിയായ അടിത്തറയെ ആഴത്തിൽ മനസ്സിലാക്കുവാനും ഓരോ വിശ്വാസിയുടെയും ഭക്തിനിർഭരമായ വാക്കുകളെ അഭിനന്ദിക്കാനും അനുമോദിക്കാനും പ്രോത്സാഹിപ്പിക്കാനുമാണ് ഈ പ്രബോധനം പരിശ്രമിച്ചിരിക്കുന്നത്. ഒരു സാധാരണ ഭക്താനുഷ്ഠാനം (Popular Piety) പലപ്പോഴും വിശ്വാസികളിൽ ആശയക്കുഴപ്പം വിതയ്ക്കുവാൻ സാധ്യതയുള്ളതുകൊണ്ടു സഭാ പാരമ്പര്യത്തിലും വി. ഗ്രന്ഥത്തിലും അടിസ്ഥാനമിട്ട ഒരു പഠനമാണിത്. വർഷങ്ങളോളം നീണ്ട

പഠനത്തിന്റെയും കാത്തിരിപ്പിന്റെയും അനന്തര ഫലമാണീ ഈ പ്രബോധന രേഖ.

Mater Populi Fidelis (വിശ്വാസികളായ ദൈവജനത്തിന്റെ മാതാവ്, Mother of the Faithful People of God) എന്ന പേരുതന്നെ ഈ പഠനത്തിന്റെ ലക്ഷ്യം എടുത്തുപറയുന്നു. ദൈവകൃപയ്ക്ക് ഒരു മനുഷ്യനിൽ ചെയ്യാൻ കഴിയുന്ന എല്ലാറ്റിന്റെയും സ്ത്രീ പ്രകടനമാണ് അവൾ. അതായത്, ദൈവകൃപ നമ്മിൽ പരിവർത്തനം ചെയ്യുന്ന ക്രിസ്തുവിന്റെ പ്രവർത്തനത്തിന്റെ ഏറ്റവും പൂർണ്ണമായ പ്രകടനമാണ് മറിയം. എന്നാൽ ചരിത്രത്തിൽ മറിയത്തെകുറിച്ചുള്ള പല പദപ്രയോഗങ്ങളുടെ ഉപയോഗവും അതിന്റെ വ്യാഖ്യാനവും മറിയത്തിന്റെ രക്ഷാകര ചരിത്രത്തിലുള്ള പങ്കിനെക്കുറിച്ചുള്ള അവ്യക്തമായ ധാരണയിലേക്ക് നയിക്കുക മാത്രമല്ല, ഇത് ക്രിസ്തുശാസ്ത്രത്തിലും (Christology) സഭാശാസ്ത്രത്തിലും (Ecclesiology) നരവംശശാസ്ത്രത്തിലും (Anthropology) ഗുരുതരമായ പ്രത്യാഘാതങ്ങൾ ഉണ്ടാക്കുവാനും സാധ്യതയുണ്ടെന്ന തിരിച്ചറിവിനാൽ ക്രിസ്തുവിന്റെ ഏക മധ്യസ്ഥതയെക്കുറിച്ചും രക്ഷാപദ്ധതിയിൽ മറിയത്തിന്റെ അതുല്യമായ സഹകരണത്തെകുറിച്ചും ഒരു സമഗ്ര പഠനം നടത്തിയിരിക്കുക മാത്രമാണ് സഭാമാതാവ് ചെയ്തിരിക്കുന്നത്. ആയതിനാൽ ഈ ആഗമനകാലം മാറിയത്തെക്കുറിച്ച് Mater Populi Fidelis എന്ന പ്രബോധന രേഖയുടെ വെളിച്ചത്തിൽ പഠിക്കാം, മറിയത്തിൽ നിന്നും നമുക്ക് പഠിക്കാം.

1) പരി. അമ്മ ക്രിസ്തുവിലേക്കു നയിക്കുന്ന ചൂണ്ടുപലക:

Mater Populi Fidelis എന്ന പ്രബോധന രേഖയിൽ മറിയം എപ്പോഴും ഈശോയോടും രക്ഷാകര ചരിത്രത്തോടും ചേർത്തുപിടിച്ചുകൊണ്ടാണ് അവളുടെ ആത്മീയ മാതൃത്വത്തെ അവതരിപ്പിച്ചിരിക്കുന്നത്. അവളുടെ പുത്രന്റെ ഏകമദ്ധ്യസ്ഥതയെയും രക്ഷാകരമായ വീണ്ടെടുപ്പിനെയും സ്വീകരിക്കുവാൻ നമ്മളെ ഒരുക്കുവാൻ നമ്മോടൊപ്പം സഞ്ചരിക്കുന്ന അമ്മയെയാണ് പരിശുദ്ധ അമ്മയെ നാം ഇവിടെ കാണുന്നത്. നമ്മുടെ ശ്രദ്ധ ഏക രക്ഷകനായ ക്രിസ്തുവിൽ തന്നെ ഉറപ്പിക്കുവാൻ സഹായിക്കുന്നുവെന്നതിന്റെ പേരിൽ പരിശുദ്ധ അമ്മയെ "coredemptrix" (സഹരക്ഷക) എന്ന് വിളിക്കണമെന്നു സഭ പഠിപ്പിച്ചത് പതിനഞ്ചാം നൂറ്റാണ്ടിലാണ്. കാരണം അതുവരെ രക്ഷകന്റെ അമ്മയെ redemptrix (രക്ഷക) എന്ന് വിളിക്കുവാൻ തുടങ്ങിയ സാഹചര്യത്തിൽ, (redemptrix (രക്ഷക) എന്ന വാക്കിനുപകരം coredemptrix" (സഹരക്ഷക) എന്ന വാക്കായിരിക്കും ഉചിതമെന്ന് പഠിപ്പിച്ചു. അതായത് അവൾ ക്രിസ്തുവിനോടൊപ്പം ഒരു 'സഹ-വീണ്ടെടുപ്പുകാരി' ആണ്. 'കോ'-എന്ന പദം 'തുല്യം' എന്നല്ല, 'കൂടെ' എന്നർത്ഥം നൽകാൻ ഉദ്ദേശിച്ചുള്ളതാണ്. മാതാവിന്റെ ദൈവമാതൃത്വത്തെയും രക്ഷാകര ചരിത്രത്തോട് ഇത്രയ്ക്കു ചേർന്നുനിന്ന ആത്മീയമായ സഹനവഴിയെ നടന്നവൾ എന്നൊക്കെയുള്ള അർത്ഥത്തിലാണ് അവളെ സഹരക്ഷക എന്ന് വിശേഷിപ്പിച്ചത്. എന്നാൽ സഹരക്ഷകയെന്ന വാക്കും തെറ്റിദ്ധരിക്കപ്പെടാൻ സാധ്യതയുണ്ടെന്നും, ദൈവശാസ്ത്രപരമായും വചനാധിഷ്ഠിതമായും മനസിലാക്കാൻ പറ്റാത്തതുകൊണ്ടു തന്നെയാവണം രണ്ടാം വത്തിക്കാൻ കൗൺസിൽ മനപ്പൂർവ്വമായി ഈ വാക്ക് ഒഴിവാക്കിയിട്ടുമുണ്ട്. വി. ജോൺ പോൾ രണ്ടാമൻ പാപ്പ ഏഴുപ്രാവശ്യം ഈ വാക്ക് പല തിരുവെഴുത്തുകളിലും ഉപയോഗിച്ചിട്ടുണ്ടെങ്കിലും ആ കാലഘട്ടങ്ങളിൽ തന്നെ അതിനെക്കുറിച്ചുള്ള ആഴമായ പഠനങ്ങൾ നടത്തുകയും, പല മരിയൻ സംഘടനകളും "മറിയം-സഹരക്ഷക" എന്നത് ഒരു വിശ്വാസ സത്യമായി പഠിപ്പിക്കാൻ നിരന്തരമായി അഭ്യർത്ഥിക്കുകയും ചെയ്തതിന്റെ ഫലമായി നടത്തിയ പഠനത്തിനുശേഷം 1996 ഫെബ്രുവരി 21 ന് അന്നത്തെ വിശ്വാസ തിരുസംഘത്തിന്റെ തലവനും പിന്നീട് ബെനഡിക്ട് പതിനാറാമൻ പാപ്പയായി തിരഞ്ഞെടുക്കപ്പെട്ട കർദിനാൾ ജോസഫ് റാറ്റ്സിംഗർ ആ വാക്ക് 'അവ്യക്തമാണെന്നും' 'അപക്വമാണെന്നും' പറയുകയും അങ്ങിനെ

വിളിക്കാനുള്ള തെളിവുകൾ സഭയുടെ വിശ്വാസത്തിന്റെ നിക്ഷേപത്തിൽ കാണുന്നില്ലായെന്നും (Deposit of faith എന്നാൽ തിരുവചനവും പരിശുദ്ധ പാരമ്പര്യങ്ങളുമാണ്) അടിവരയിട്ട് പറഞ്ഞുകൊണ്ട് ആ ആവശ്യത്തെ തള്ളിക്കളഞ്ഞു. കാരണം എല്ലാം വരുന്നതും ക്രിസ്തുവിൽ നിന്നാണ്. മറിയത്തിനു ലഭിച്ച സ്ഥാനവും ക്രിസ്തുവിൽ നിന്നാണ് (എഫേ. 1, 3, 5, 7, 8, 11, കോളോ. 1, 19, 20). പിന്നീട് 2019 മുതൽ ആ പഠനങ്ങളുടെ ചില വെളിപ്പെടുത്തലുകളെ ആധാരമാക്കി പോപ്പ് ഫ്രാൻസിസും "ക്രിസ്തുവിന്റെ രക്ഷാകര ചരിത്രത്തിന്റെ പൂർണ്ണതയും ഏകത്വവും നഷ്ടപ്പെടുത്തുന്നതൊന്നും കൂട്ടിച്ചേർക്കരുതെന്നും എടുത്തുമാറ്റരുതെന്നും" പഠിപ്പിക്കുകയും പരി. അമ്മ രക്ഷയുടെ സഹകാരിയല്ലെന്നും ഉദ്ബോധിപ്പിച്ചു.

ഏകദേശം 30 വർഷത്തെ സുദീർഘമായ പഠനത്തിനൊടുവിൽ സഹരക്ഷകയെന്ന ശീർഷകം തെറ്റിദ്ധാരണയ്ക്ക് കരണമാകുന്നു എന്നതിനാൽ ആ ശീർഷകം "അനുയോജ്യമല്ലാത്ത ഒന്നാണെ"ന്ന് ഈ പഠന രേഖയിൽ പറയുന്നു. സഭാവിശ്വാസികളുടെ ഭക്തിയെ തിരുത്തുകയോ, മാതാവിനെ വേണ്ടെന്നു വയ്ക്കുകയോ അല്ല ചെയ്തത്, മറിച്ച് തെറ്റിദ്ധരിക്കപ്പെട്ട ഒരു ശീർഷകം കൂടുതൽ തെറ്റിദ്ധരിക്കപ്പെടാൻ സാധ്യതയുള്ളതിനാൽ ഉപയോഗിക്കുന്നത് ഉചിതമല്ലെന്നു മാത്രമേ പഠിപ്പിച്ചുള്ളു. കത്തോലിക്കാ സഭയുടെ ആർജവത്വം അതാണ്, അനുയോജ്യമല്ലാത്ത ഒരു കാര്യം കണ്ടറിയുകയും അതിനെക്കുറിച്ച് പതിറ്റാണ്ടുകളോളം പഠിച്ച് ക്രിസ്തുവെന്ന ഏക രക്ഷകന്റെ ദൈവിക മദ്ധ്യസ്ഥത്തെ അടിവരയിട്ട് പഠിപ്പിച്ച ഒരു പഠന റിപ്പോർട്ടാണ് Mater Populi Fidelis. സഭയുടെ പല വിശുദ്ധ സത്യങ്ങളും രൂപപ്പെട്ടതും കൂട്ടിച്ചേർക്കുന്നതും എടുത്തുമാറ്റുന്നതുമെല്ലാം സഭയുടെ ഇതുപോലെയുള്ള ആഴമായ ഒരു പഠനത്തിലൂടെയാണ്. ഈശോയോടും രക്ഷാകരചരിത്രത്തോടും ചേർത്തുപിടിച്ചുകൊണ്ടാണ് അവളുടെ ആത്മീയ മാതൃത്വത്തെ ഇവിടെ വിവരിച്ചിരിക്കുന്നത്.

2) പരി. അമ്മയോടൊപ്പം ജാഗ്രതയിലും ഒരുക്കത്തിലും യാത്ര തുടരാം:

ക്രിസ്തുവിന്റെ രഹസ്യങ്ങളെ ഹൃദയത്തിൽ നിധിപോലെ സൂക്ഷിക്കുകയും ധ്യാനിക്കുകയും ചെയ്തവളായി നാം പരി. അമ്മയെ മനസ്സിലാക്കുന്നു. "മറിയമാകട്ടെ ഇവയെല്ലാം ഹൃദയത്തിൽ സംഗ്രഹിച്ച് ഗാഢമായി ചിന്തിച്ചുകൊണ്ടിരുന്നു" (ലൂക്കാ 2, 19). ഈ ആഗമനകാലം ഇത്തരത്തിലുള്ള ജാഗ്രതയുള്ള ധ്യാനത്തിനും ആന്തരികമായ ഒരുക്കത്തിനും വേണ്ടിയുള്ളതാണ്. മറിയത്തെപ്പോലെ, നമ്മുടെ ജീവിതത്തിലെ ദൈവത്തിന്റെ ഇടപെടലുകളെകുറിച്ച് നമുക്ക് കൂടുതലായി ധ്യാനിക്കാം, പരി. അമ്മയെപ്പോലെ സഭാമാതാവ് നമ്മെ പഠിപ്പിക്കുന്ന കാര്യങ്ങൾ എളിമയോടെ സ്വീകരിക്കാം, കൂടുതൽ വെളിച്ചത്തോടെ അവയെ മനസിലാക്കാൻ ഹൃദയത്തിൽ സംഗ്രഹിച്ച് ഗാഢമായി ധ്യാനിച്ചുകൊണ്ടിരിക്കാം.

പ്രവർത്തനത്തിന്

1. ***ഈ നോമ്പുകാലം പരി. അമ്മയെക്കുറിച്ചുള്ള ആഴമേറിയ പഠനത്തിന്റെ ഒരു മാസമാക്കാം.***
2. ***സാധിക്കുമെങ്കിൽ രണ്ടോ അതിൽ കൂടുതലോ കുടുംബങ്ങൾ ചേർന്ന് ചെറിയ ഗ്രൂപ്പുകളായി ഈ ആഗമനകാലത്തിൽ ഒരു സുവിശേഷമെങ്കിലും വായിച്ചു തീർക്കാവുന്നതാണ്.***
3. ***ഈ ആഗമനകാലത്തിൽ കുറച്ചു വചനങ്ങൾ കാണാതെ പഠിക്കാൻ പരിശ്രമിക്കാം.***

ചർച്ചയ്ക്ക് :

1. ***പരി. അമ്മയോടുള്ള ഭക്തിയെ നിരുത്സാഹപ്പെടുത്തുന്നതും പ്രോത്സാഹിക്കുന്നതുമായ സാഹചര്യങ്ങളെകുറിച്ച് പങ്കുവയ്ക്കാം.***

■

രൂപത വാർത്തകൾ

കോട്ടപ്പുറം രൂപത സി. എൽ. സി ആനിമേറ്റേഴ്സ് സംഗമം

കോട്ടപ്പുറം രൂപത വിശ്വാസപരിശീലന കേന്ദ്രവും രൂപതാ സി.എൽ.സിയും സംയുക്തമായി സി.എൽ.സി.ആനിമേറ്റേഴ്സ് സംഗമം സംഘടിപ്പിച്ചു. ആനിമേറ്റേഴ്സ് സംഗമം രൂപതാ മെത്രാൻ ഡോ:അബ്രോസ് പുത്തൻവീട്ടിൽ ഉദ്ഘാടനം ചെയ്തു. രൂപതാ സി.എൽ.സി പ്രസിഡന്റ് ജെസ്മോൻ തോമസ് അധ്യക്ഷനായി. സംസ്ഥാന സി.എൽ.സി മുൻ ട്രഷറർ ജെയിംസ് പള്ളത്ത് ക്ലാസ് നയിച്ചു. രൂപതാ സി.എൽ.സി പ്രൊമോട്ടർ ഫാ. അലക്സ് ഇലഞ്ഞിക്കൽ ആമുഖ പ്രസംഗവും, വിശ്വാസ പരിശീലന കേന്ദ്രം ഡയറക്ടർ ഫാ. സിജോ വേലിക്കകത്തോട്ട് അനുഗ്രഹ പ്രഭാഷണവും നടത്തി.

വിശ്വാസ പരിശീലക ദിനാചരണം

വിശ്വാസ പരിശീലകരുടെ മദ്ധ്യസ്ഥനായ വി. ചാൾസ് ബൊറോമിയയുടെ തിരുനാളിനോടനുബന്ധിച്ച് രൂപതയിലെ എല്ലാ യൂണിറ്റുകളിലും വിശ്വാസ പരിശീലക ദിനം സമുചിതമായി ആഘോഷിച്ചു. രൂപതാ വിശ്വാസ പരിശീലന കമ്മീഷൻ പ്രൊമോട്ടേഴ്സും വിശ്വാസ പരിശീലന കമ്മീഷൻ ഡയറക്ടർ റവ. ഫാ. സിജോ വേലിക്കകത്തോട്ടിനോടൊപ്പം വിശ്വാസ പരിശീലക ദിനം ആചരിച്ചു.

ദൈവത്തിൽ വിശ്വാസമർപ്പിച്ചു നൻമ ചെയ്യുക; അപ്പോൾ ഭൂമിയിൽ സുരക്ഷിതനായി വസിക്കാം.
സങ്കീ. 37:3

സംസ്ഥാന സ്ക്കൂൾ കായികമേളയിൽ സീനിയർ ഗേൾസ് ഹൈജംപ് മത്സരത്തിൽ ഒന്നാം സ്ഥാനവും 200 മീറ്റർ ഓട്ടത്തിൽ മൂന്നാം സ്ഥാനവും കരസ്ഥമാക്കിയ ഇ.ജെ. സോണിയയ്ക്ക് അഭിനന്ദനങ്ങൾ! മാള പള്ളിപ്പുറം സെന്റ് ആന്റണീസ് ഇടവകയിൽ സെന്റ് തോമാസ് കുടുംബയൂണിറ്റിലെ ഇളന്തോളി ജോസഫ്-സജിത ദമ്പതികളുടെ മകളാണ്.

മഹാത്മാഗാന്ധി യൂണിവേഴ്സിറ്റിയിൽ നിന്നും കോമേഴ്സിൽ പി.എച്ച്.ഡി. നേടിയ ഷിൽഡ തോമസ്. മാന്നാനം കെ.ഇ കോളേജ് കോമേഴ്സ് വിഭാഗം അസിസ്റ്റന്റ് പ്രൊഫസർ ആണ്. ഗോതുരുത്ത് സെന്റ് സെബാസ്റ്റ്യൻസ് ഇടവകാംഗമാണ്.

തയ്യൽ തൊഴിലാളികൾക്ക് തയ്യൽ മെഷീനുകൾ വിതരണം ചെയ്തു

കേരള ലേബർ മൂവ്മെന്റ് കിഡ്സ് കോട്ടപ്പുറത്തിന്റെയും ഇറ്റാലിയൻ ബിഷപ്സ് കോൺഫറൻസിന്റെയും സംയുക്ത സഹകരണത്തോടെ തയ്യൽ തൊഴിലാളികളുടെ ഉപജീവനം കൂടുതൽ മെച്ചപ്പെടുത്തുക എന്ന ലക്ഷ്യത്തോടെ തയ്യൽ മെഷീനുകൾ കിഡ്സ് ക്യാമ്പസിൽ വെച്ച് വിതരണം ചെയ്തു. കോട്ടപ്പുറം രൂപത ചാൻസലർ റവ. ഫാ. ഷാബു കുന്നത്തൂർ വിതരണോദ്ഘാടനം നിർവ്വഹിച്ചു. കിഡ്സ് എക്സിക്യൂട്ടീവ് ഡയറക്ടർ റവ. ഫാ.നിമേഷ് അഗസ്റ്റിൻ കാട്ടാശ്ശേരി, കിഡ്സ് അസോസിയേറ്റ് ഡയറ്ടർ റവ. ഫാ. വിനു പീറ്റർ, റവ. ഫാ. നിഖിൽ മുട്ടിക്കൽ , കെ.എൽ.എം. കോ-ഓഡിനേറ്റർ കുമാരി വിനയ എന്നിവർ സംസാരിച്ചു. കെ.എൽ.എം ന്റെ വിവിധ യൂണിറ്റുകളിൽ നിന്നുള്ള തയ്യൽ തൊഴിലാളികൾക്കാണ് ഈ പദ്ധതിയിലൂടെ തയ്യൽ മെഷീനുകൾ നൽകിയത്. കിഡ്സ് സ്റ്റാഫ്, ലീഡേഴ്സ് എന്നി അംഗങ്ങൾ പങ്കെടുത്തു.

CAPO Training

കോട്ടപ്പുറം ബി. സി. സി. ലീഡർമാരുടെ യോഗം ഉച്ചയ്ക്ക് 2:30-ന് ആരംഭിച്ചു. പ്രസിഡന്റ് ശ്രീ. സെബസ്റ്റിൻ കെ.എഫ്. യോഗത്തിനെത്തിയ എല്ലാവരെയും സ്വാഗതം ചെയ്തു. തുടർന്ന് ഡയറക്ടർ റവ. ഡോ. പ്രവീൺ കുരിശിങ്കൽ സദസ്സിനെ അഭിസംബോധന ചെയ്ത് സംസാരിച്ചു. 16-ന് നവംബർ 2025 നടന്ന യോഗത്തിൽ, ലീഡർമാർക്കായി സംഘടിപ്പിച്ച ഈ പരിശീലനത്തിന് വരാപ്പുഴ അതിരൂപതയിലെ ഡോ. ഗ്രിഗറി പോൾ ആണ് നേതൃത്വം നൽകിയത്. പ്രത്യാശയുടെ തീർത്ഥയാത്ര: പുതുതലമുറയുടെ കരം ചേർത്തു പിടിച്ച് ഇടവക നേതൃത്വംഎന്ന വിഷയത്തെ ആസ്പദമാക്കി ഒരു മണിക്കൂറിലധികം നീണ്ടുനിന്ന ക്ലാസ്സാണ് അദ്ദേഹം നയിച്ചത്. പരിശീലന പരിപാടിക്കു ശേഷം, കോട്ടപ്പുറം ബിഷപ്പ് അംബ്രോസ് പുത്തൻവീട്ടിൽ സമ്മേളനത്തിന് അനുഗ്രഹപ്രഭാഷണം നൽകി. ബിഷപ്പിന്റെ ആശീർവ്വാദത്തോടെ യോഗം സമാപിച്ചു.

സാൻജോ മീറ്റ്

കോട്ടപ്പുറം രൂപതയിലെ ദമ്പതികൾക്ക് വേണ്ടി നടത്തുന്ന സാൻജോ മീറ്റ് (ട്രെയിനിങ് പ്രോഗ്രാം) മണലിക്കാട് നിത്യസഹായ മാതാ ദൈവാലയത്തിൽ നടത്തി. ഇടവക വികാരി റവ. ഫാ. തോമസ് പടമാട്ടുമ്മൽ സാൻജോ മീറ്റ് ഉദ്ഘാടനം ചെയ്തു.

തൃശ്ശൂർ കുണ്ടുകാട് - ഗ്രേസ് ഓഫ് ഹെവൻ ധ്യാനകേന്ദ്രത്തിൽ നവംബർ മാസത്തിൽ അരുണാചലിൽ നിന്നുള്ളവർ വിശ്വാസ പരിശീലനം പൂർത്തിയാക്കിയവർ അഭിവന്ദ്യ പിതാവിനോടൊപ്പം

എന്റെ ദാസനു ശ്രേയസ്സുണ്ടാവും. അവൻ അത്യുന്നതങ്ങളിലേക്ക് ഉയർത്തപ്പെടുകയും പുകഴ്ത്തപ്പെടുകയും ചെയ്യും.

ഏശ 52:13

പരിശുദ്ധ ജപമാല രാജ്ഞി ദൈവാലയത്തിൽ (തുരുത്തിപ്പുറം ഈസ്റ്റ്, ജപമാല നഗർ) മരിയൻ കൂടാരം ആശീർവദിച്ചു



കോട്ടപ്പുറം രൂപത ചാൻസിലർ പെരിയ ബഹുമാനപ്പെട്ട റവ. ഫാ. ഷാബു കുന്നത്തൂരാണ് ആശീർവ്വാദകർമ്മം നിർവ്വഹിച്ചത്. പരിശുദ്ധ ദൈവമാതാവിന്റെ വിവിധ ഇടങ്ങളിലുള്ള പ്രത്യക്ഷീകരണ രൂപങ്ങളും അതിനെക്കുറിച്ചുള്ള വിവരണങ്ങളും ഉൾപ്പെടുത്തിയാണ് മരിയൻ കൂടാരം ഒരുക്കിയിരിക്കുന്നത്. ഓരോ ദിവസവും തീർത്ഥാടന ദൈവാലയത്തിലേക്ക് കടന്നുവരുന്ന അനേകം മക്കൾക്ക് പരിശുദ്ധ അമ്മയെക്കുറിച്ച് കൂടുതൽ അറിയുവാനും ഭക്തിയിൽ വളരുവാനും ഈ മരിയൻ കൂടാരം അനുഗ്രഹമായി മാറുന്നു.

പള്ളിപ്പുറം ബസിലിക്ക ഷോപ്പിംഗ് കോംപ്ലക്സ് ഉദ്ഘാടനം ചെയ്തു

പള്ളിപ്പുറം മഞ്ഞുമാതാ ബസിലിക്ക ഇടവകയുടെ ഷോപ്പിംഗ് കോംപ്ലക്സ് Manjumatha Square ഇടവക റെക്ടർ റവ. ഡോ. ആന്റണി കുരിശിൽ, കോട്ടപ്പുറം രൂപത വികാർ ജനറൽ റവ. ഡോ. റോക്കി റോബി കളത്തിൽ, ഫാ. ക്ലോഡിൻ ബിവേര (Director, Don Bosco Hospital), ഫാ. ബിയോൺ തോമസ്, ഫാ. മിഥിൻ ടൈറ്റസ്, ഫാ. എബിനെസർ ആന്റണി എന്നീ വൈദികരുടെയും കന്യാസ്ത്രിമാരുടെയും ഇടവക സമൂഹത്തിന്റെയും സാന്നിധ്യത്തിൽ അഭിവന്ദ്യ കോട്ടപ്പുറം മെത്രാൻ റൈറ്റ് റവ. ഡോ. അംബ്രോസ് പുത്തൻവീട്ടിൽ ഉദ്ഘാടനം ചെയ്തു.

നീതിമാനായ എന്റെ ദാസൻ തന്റെ ജ്ഞാനത്താൽ അനേകരെ നീതിമാന്മാരാക്കും;
അവൻ അവരുടെ തിന്മകളെ വഹിക്കുകയും ചെയ്യും.

ഏശ 53:11

പള്ളിപ്പുറത്ത് മഞ്ഞുമാതാ മെഡിക്കൽ സെന്ററിന്റെ പ്രവർത്തനം ആരംഭിച്ചു

പറവൂർ ഡോൺ ബോസ്കോ ആശുപത്രിയുടെ കീഴിൽ, പള്ളിപ്പുറം ബസിലിക്ക റോഡിൽ, മഞ്ഞുമാത മെഡിക്കൽ സെന്റർ പ്രവർത്തനം ആരംഭിച്ചു. കോട്ടപ്പുറം രൂപതാ മെത്രാൻ റൈറ്റ് റവ. ഡോ. അംബ്രോസ് പുത്തൻവീട്ടിൽ സെന്ററിന്റെ ആശീർവ്വാദ കർമ്മവും ഉദ്ഘാടനവും നിർവ്വഹിച്ചു.

പള്ളിപ്പുറത്തും പള്ളിപ്പുറത്തിനു ചുറ്റുമായി താമസിച്ചുവരുന്ന തീരദേശ മേഖലയിലെ സാധാരണക്കാരായ ജനങ്ങൾക്ക് മികച്ച ചികിത്സാ സേവനം ഉറപ്പുവരുത്തുക എന്നതാണ് മഞ്ഞുമാതാ മെഡിക്കൽ സെന്ററിന്റെ നടത്തിപ്പിലൂടെ ലക്ഷ്യമാക്കുന്നതെന്ന് ഡോൺ ബോസ്കോ ആശുപത്രി ഡയറക്ടർ ഫാ. ക്ലോഡിൻ ബിവേര അറിയിച്ചു. ഫാമിലി മെഡിസിൻ, അസ്ഥിരോഗം, സ്ത്രീരോഗം, മാനസികരോഗം, ത്വക്ക്രോഗം, ശ്വാസകോശ രോഗം, ശിശുരോഗം, ഇ.എൻ.ടി എന്നീ വിഭാഗങ്ങളിലെ പ്രശസ്ത ഡോക്ടർമാരുടെ ഒ.പി സേവനം ലഭ്യമാക്കുന്നതാണെന്ന് അദ്ദേഹം കൂട്ടിച്ചേർത്തു.

ക്രൈസ്തവ പീഡനം ഏറെ വർദ്ധിക്കുന്ന ഈ കാലഘട്ടത്തിൽ മിഷൻ ഞായറിന്റെ ചൈതന്യം പ്രചരിപ്പിക്കണം: ഫാ. പോൾ കുര്യാപ്പിള്ളി

ലോകത്ത് ശാന്തിയും സമാധാനവും പകർന്നു നൽകി കടന്നുപോയ ക്രിസ്തു സ്നേഹം നിലനിർത്തുന്ന ക്രിസ്ത്യാനികൾ പീഡിപ്പിക്കപ്പെടുന്ന ഈ കാലഘട്ടത്തിൽ മിഷൻ ഞായറിന്റെ ചൈതന്യം ഏറെ പ്രചരിപ്പിക്കണമെന്ന് മടപ്ലാതുരുത്ത് പള്ളി വികാരിയും വിശ്വാസപരിശീലന യൂണിറ്റ് ഡയറക്ടറുമായ ഫാ. പോൾ കുര്യാപ്പിള്ളി അഭിപ്രായപ്പെട്ടു. മടപ്ലാതുരുത്ത് സെന്റ് ജോർജ്ജ് ഇടവകയിൽ മിഷന് വേണ്ടി നടത്തിയ ബിരിയാണി ചലഞ്ച് കൂപ്പൺ ഉദ്ഘാടനം ചെയ്തു.

ജൂബിലി ലോഗോസ് ക്വിസ്

2025-ൽ സംസ്ഥാനതല പരീക്ഷയിൽ (ഇ- വിഭാഗം) ഒന്നാം സ്ഥാനം കരസ്ഥമാക്കിക്കൊണ്ട് നമ്മുടെ ഏവരുടെയും അഭിമാനമായി തീർന്ന

സമ്പാളൂർ ഇടവകാംഗം ഷെർമി കാർമുവിന്

രൂപത കുടുംബത്തിന്റെ *അഭിനന്ദനങ്ങൾ...*

- കോട്ടപ്പുറം രൂപത ബൈബിൾ അപ്പോസ്തലറ്റ്

എന്റെ രക്ഷ ലോകാതിർത്തിവരെ എത്തുന്നതിന് ഞാൻ നിന്നെ ലോകത്തിന്റെ പ്രകാശമായി നൽകും.
ഏശ 49:6

പിതാവിന്റെ ഡയറി – ഡിസംബർ 2025

Dec 1	Monday	7:00 AM	Confirmation - Vikas
Dec 3	Wednesday	5:30 PM	Mass - St. Francis Xavier Church, Manjanakad
Dec 4	Thursday	11:00 AM	Blessing + Mass - Little Flower Convent, Pallipuram
Dec 4	Thursday	5:30 PM	Mass - St. Ambrose Church, Edavanakkad
Dec 5	Friday	5:30 PM	Mass - St. Francis Xavier's Church, Ponel
Dec 6	Saturday	5:00 PM	Mass - St. Francis Xavier Church, Kunjithai
Dec 7	Sunday	9:30 AM	Mass - Sambalur
Dec 7	Sunday	3:00 PM	Episcopal Ordination - Antony Kattiparambil (Kochi)
Dec 7	Sunday	8:00 PM	Symposium - St. Peter's Pontifical Institute, Bangalore
Dec 8	Monday	-	Symposium - Bangalore
Dec 9	Tuesday	-	Symposium - Bangalore
Dec 10	Wednesday	-	Symposium - Bangalore
Dec 11	Thursday	-	Election
Dec 11	Thursday	7:45 PM	KCBC Meeting - POC
Dec 12	Friday	-	KCBC
Dec 14	Sunday	9:00 AM	Mass - St. Mary's Church, Edakochi
Dec 15	Monday	12:00 AM/PM	KLCWA Christmas Celebration & Magazine Release - Vikas, Kottapuram
Dec 16	Tuesday	5:30 PM	Mass - St. Thomas Church, Thiruthoor
Dec 17	Wednesday	9:00 AM	Third Child Baptism - Kottapuram Cathedral Church
Dec 21	Sunday	3:30 PM	Christmas Celebration - Commission for Faith Formation
Dec 28	Sunday	5:00 PM	Jubilee Year Concluding Mass - Cathedral Church, Kottapuram
Dec 30	Tuesday	5:30 PM	Mass - Thundathum Kadavu

ലോഗോസ് ക്വിസിന്റെ നവംബർ മാസത്തെ ഉത്തരങ്ങൾ

1. നവോമി 2. ദാവീദിന്റെ പുത്രൻ 3. യോഹന്നാൻ 4. ശപിക്കപ്പെട്ടവൻ 5. യറോഹാം 6. ന്യായാധിപന്മാരുടെ 7. ജറുസലേമിൽ ഇസ്രായേലിന്റെ 8. ദൈവമക്കൾ 9. ദാസൻ 10. ഹന്ന 11. ഓർഫ 12. ക്ലേശകരം 13. യേശുക്രിസ്തുവഴി 14. മാതാവിന്റെ ഉദരത്തിൽ ആയിരിക്കുമ്പോൾ 15. ഷീലോയിൽ 16. മൊവാബ് 17. ജ്ഞാനം 18. ഏകജാതനാണ് 19. കേപ്പായെ 20. റാമായിലേക്കുള്ള തങ്ങളുടെ ഗൃഹത്തിലേക്കു മടങ്ങി

ശരിയുത്തരങ്ങൾ അയച്ചവർ

1. ജോഷി തോമസ് പി.ടി, കൂട്ടുകാട്
2. മിനി ജോസഫ്, കടൽവാതുരുത്ത്
3. ടെൻസി ജോസ്, തുരുത്തൂർ
4. മിനി പീറ്റർ, കോട്ടപ്പുറം
5. ഏയ്ഞ്ചൽ ജോസഫ്
6. ഏയ്ഞ്ചൽ മേരി, കടപ്പുറം
7. ജൂലിയറ്റ് എം. ഡി, കോട്ടപ്പുറം
8. ജെസ്സി സ്റ്റാൻസി, മേത്തല
9. ബീന സി.എ, കൂട്ടുകാട്
10. ആൽഫ്രഡ് കെ. ബിജു, കാര
11. ഷെബിൻ കെ.എസ്, എൻ. പറവൂർ
12. അഞ്ജലി തെരേസ്
13. ഗിൽഡ പോൾ, മാനാഞ്ചേരിക്കുന്ന്
14. ആൻസി സജി, കോട്ടപ്പുറം
15. ജൂഡ് സരി സേവ്യർ, പള്ളിപ്പുറം
16. ജോഷി മംഗലത്ത്, കാര
17. ഷീജ മാർട്ടിൻ
18. ബെറ്റ്സി ആന്റണി, വി.പി തുരുത്ത്, കോട്ടപ്പുറം
19. ബിജു വി.ജെ
20. ജോസഫ് ക്ലീറ്റസ്, അരീപ്പാലം
21. സൗമ്യ തോമസ്
22. ഐറിഷ് ബൈജു, ഗോതുരുത്ത്

ദൈവമായ കർത്താവ് എന്നെ സഹായിക്കുന്നതിനാൽ ഞാൻ പതറുകയില്ല.
ഏശ 50:7

വചനധ്യാനം

വചനം പഠിക്കാം ഈശോയെ അറിയാം

പഠിച്ചൊരുങ്ങാനുള്ള വചനഭാഗം

▸ റൂത്ത് 2 ▸ സഭാപ്രസംഗകൻ 2 ▸ യോഹന്നാൻ 2 ▸ ഗലാത്തിയ 2 ▸ 1 സാമുവൽ 2

1. ആരുടെ വയലിൽ ആണ് റൂത്ത് കാലാ പെറുക്കാൻ പോയത്?
2. "ജ്ഞാനത്തിൽ നിന്നു മനസ്സിളകാതെ തന്നെ ശരീരത്തെ - - - - - - - - കൊണ്ട് ആഹ്ലാദിപ്പിക്കാൻ ഞാൻ നോക്കി."
3. വെള്ളം നിറയ്ക്കുന്ന കൽഭരണികൾ എന്തിനാണ് ഉപയോഗിച്ചിരുന്നത്?
4. എത്ര വർഷത്തിനു ശേഷമാണ് ബർണബാസിനോടുകൂടെ പൗലോസ് വീണ്ടും ജറുസലേമിലേക്കു പോയത്?
5. എല്ക്കാനയുടെ ഭവനം എവിടെയാണ്?
6. ബോവാസ് ഏതു കുടുംബത്തിൽ പെട്ടതാണ്?
7. പ്രകാശം അന്ധകാരത്തെയെന്നപോലെ - - - - - - ഭോഷത്തത്തെ അതിശയിക്കുന്നു എന്ന് ഞാൻ മനസ്സിലാക്കി.
8. കാനായിലെ അത്ഭുത പ്രവർത്തനത്തിനു ശേഷം അവൻ തന്റെ അമ്മയും ശിഷ്യന്മാരുമായി എങ്ങോട്ടാണ് പോയത്?
9. പൗലോസ് ബർണബാസിനേയുംകൊണ്ട് ജറുസലേമിൽ പോയപ്പോൾ കൂടെ കൊണ്ടുപോയത് ആരെയാണ്?
10. എന്തുകൊണ്ടുള്ള വിശേഷ വസ്ത്രമാണ് ബാലനായ സാമുവൽ ധരിച്ചിരുന്നത്?
11. ബോവാസ് എവിടെ നിന്നുമാണ് വന്നത്?
12. സൂര്യനു കീഴെ ചെയ്ത - - - - - - എല്ലാം ഞാൻ വെറുത്തു.
13. "നിങ്ങൾ ഈ ദൈവാലയം നശിപ്പിക്കുക. മൂന്നു ദിവസത്തിനകം ഞാൻ അതു പുനരുദ്ധരിക്കും" എന്നു പറഞ്ഞത് എന്തിനെപ്പറ്റിയാണ്?
14. തീത്തോസ് എവിടെനിന്നുള്ളവനായിരുന്നു?
15. ഹന്നായ്ക്ക് സാമുവലിനെകൂടാതെ എത്ര മക്കളാണ് ഉണ്ടായിരുന്നത്?
16. ബോവാസ് കൊയ്ത്തുകാരെ അഭിവാദനം ചെയ്തപ്പോൾ അവർ പ്രത്യഭിവാദനമായി എന്താണ് പറഞ്ഞത്?
17. തന്നെ പ്രസാദിപ്പിക്കുന്നവന് ദൈവം ജ്ഞാനവും - - - - - - - - ആനന്ദവും പ്രദാനം ചെയ്യുന്നു.
18. പ്രാവുകളെ വില്ക്കുന്നവരോട് അവൻ എന്താണ് കല്പിച്ചത്?
19. പരിച്ഛേദിതർക്കുള്ള സുവിശേഷം ആർക്കാണ് ഏൽപ്പിക്കപ്പെട്ടിരിക്കുന്നത്?
20. ഏലിയുടെ മക്കളുടെ പേരെന്ത്?

നവംബർ മാസത്തെ ചോദ്യങ്ങൾക്ക് ശരിയുത്തരങ്ങൾ അയച്ചവരിൽ നിന്ന് നറുക്കെടുപ്പിലൂടെ തിരഞ്ഞെടുത്ത വിജയി

ആൽഫ്രഡ് കെ. ബിജു, കാര

ഉത്തരങ്ങൾ ഡിസംബർ 15 – ാം തീയതിക്ക് മുൻപായി ഇമെയിൽ വഴിയോ, കത്ത് മുഖേനയോ പേരും സ്ഥലവും ഫോൺ നമ്പർ സഹിതം ഓഫീസിൽ അറിയിക്കേണ്ടതാണ്. ശരിയുത്തരങ്ങൾ അയക്കുന്നവരിൽ നിന്ന് നറുക്കെടുപ്പിലൂടെ വിജയികളെ കണ്ടെത്തുന്നു.

ഉത്തരങ്ങൾ അയക്കേണ്ട വിലാസം

didimoskottapuram@gmail.com

എഡിറ്റർ, ദിദിമോസ്, കാറ്റിക്കിസം ഓഫീസ്, വികാസ്, കോട്ടപ്പുറം – 680 667

കർത്താവാണു ദൈവം; അവിടുന്നാണു നമുക്കു പ്രകാശം നൽകിയത്

സങ്കീ 118:27

MANJUMATHA MEDICAL CENTRE

SOOTHING CARE AS SNOW

Your neighborhood clinic with world-class expertise.

General Medicine | Pediatrics | Orthopedics | ENT | Pulmonology | Obstetrics & Gynecology | Dermatology | Psychiatry

Other Services

Emergency Care, Laboratory, Pharmacy, X-Ray, Ambulance Home Care

ക്ലിനിക്ക് സമയം : രാവിലെ 08:30 മുതൽ രാത്രി 11:00 വരെ (ഞായറാഴ്ച : 9:00 A.M.- 6:00 P.M.)
ലാബ് സമയം : രാവിലെ 06:00 മുതൽ ഉച്ചയ്ക്ക് 12:00 വരെ
വൈകിട്ട് 04:00 മുതൽ രാത്രി 07:00 വരെ
ഫാർമസി : രാവിലെ 07:00 മുതൽ രാത്രി 11:00 വരെ

Pallippuram, Ernakulam, Kerala – 683515
info@donboscohospital.com
www.donboscohospital.com

9846943000

A Unit of
DON BOSCO HOSPITAL
HOME TO CARE AND CURE

കൊടുങ്ങല്ലൂർ – കോട്ടപ്പുറം രൂപത

വി. ഫ്രാൻസിസ് സേവ്യറിന്റെ ചരിത്ര പ്രസിദ്ധമായ സമ്പാളൂർ തീർത്ഥാടന ദൈവാലയത്തിൽ

മധ്യസ്ഥ തിരുനാൾ

2025 ഡിസംബർ 3 മുതൽ 7 വരെ

ആത്മജ്വാല ബൈബിൾ കൺവെൻഷൻ

2025 നവംബർ 19 ബുധൻ മുതൽ 23 ഞായർ 5.00pm-9.00pm

ധ്യാനത്തിന് നേതൃത്വം നൽകുന്നത്
വെരി. റവ. ഫാ. മാത്യു തടത്തിൽ VC & ടീം

സെന്റ് ജോൺ ബ്രിട്ടോ

ഫാ. ജോസഫ് കോൺസ്റ്റന്റയിൻ ബസ്കി

ഫാ. അർണോസ് പാതിരി

അനുഗ്രഹീത സാന്നിധ്യം

റൈറ്റ് റവ. ഡോ. അംബ്രോസ് പുത്തൻവീട്ടിൽ
(കോട്ടപ്പുറം രൂപത മെത്രാൻ)

മോസ്റ്റ് റവ. ഡോ. ഫ്രാൻസിസ്കല്ലറയ്ക്കൽ
(വരാപ്പുഴ അതിരൂപത മെത്രാൻ എമിരിത്തൂസ്)

റൈറ്റ് റവ. ഡോ. ഡെന്നീസ് കുറുപ്പശ്ശേരി
(കണ്ണൂർ രൂപത സഹായമെത്രാൻ)

റൈറ്റ് റവ. ഡോ. ആന്റണി വാലുങ്കൽ
(സഹായ മെത്രാൻ, വരാപ്പുഴ അതിരൂപത)

തിരുനാൾ കൊടിയേറ്റം	ഡിസംബർ 3 ബുധൻ
ഊട്ടുതിരുനാൾ	ഡിസംബർ 6 ശനി
തിരുനാൾദിനം	ഡിസംബർ 7 ഞായർ
എട്ടാമിടം	ഡിസംബർ 12,13,14
പതിനഞ്ചാമിടം	ഡിസംബർ 20, 21

റവ.ഫാ. ജോൺസൺ പങ്കേത്ത്
(വികാരി)

പുണ്യവാന്മാരുടെ പാദസ്പർശമേറ്റ
സമ്പാളൂരിന്റെ മണ്ണിലേക്ക് നിങ്ങളെ
ഏവരെയും സ്വാഗതം ചെയ്യുന്നു

റവ. ഫാ. ആൽഫിൻ ജൂഡ്സൺ സി.പി.
(സഹവികാരി)

വിശുദ്ധ ഫ്രാൻസീസ് സേവ്യറിന്റെ അത്ഭുത കാശുരൂപവും അത്ഭുത കിണറിലെ നീരുറവയും
അനേകായിരങ്ങൾക്ക് രോഗസൗഖ്യവും വലിയ പ്രത്യാശയും നൽകുന്നു

തിരുക്കർമ്മ സമയം : സാധാരണദിനങ്ങളിൽ

ഞായർ ദിവ്യബലി 6.15 am, 8.30 am, 5.00 pm (English)

തിങ്കൾ മുതൽ വെള്ളി വരെ 6.00 am, 7.00 am, ദിവ്യബലി

ശനി (വിശുദ്ധന്റെ ദിനം) രാവിലെ 6.30 നും 10 നും വൈകീട്ട് 6.00 നും ദിവ്യബലി, നൊവേന, ആരാധന, നേർച്ചദക്ഷണം

കാടുകുറ്റി കുരിശുപള്ളി : ഞായർ ദിവ്യബലി 10.30 am തിങ്കൾ മുതൽ വെള്ളി വരെ ദിവ്യബലി 7.45 am